കേരള സർക്കാർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പാണ്ടിക്കാട് ഗ്രാമ പഞ്ചായത്ത്

# 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

e-mail:dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

കെ.എസ്.എ/എം.പി.എം.7/3207/2016

സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

തീയതി 08.02.2017

e-mail:dompm.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പാണ്ടിക്കാട് ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ്

റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3- ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് : 1)ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

കെ.എസ്.എ/എം.പി.എം 7/3207/2016

തിയ്യതി: 08.02.2017

<u>മലപ്പുറം ജില്ലയിലെ പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

മലപ്പുറം ജില്ലയിലെ പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 10.05.2016മുതൽ 24.10.2016തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 05 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ).ഓഡിറ്റ് നടത്തിയതിന്റെ വിവരം.

| | | |
|---|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്ധ്യോഗസ്ഥൻ | : ശ്രീ.ഷാജഹാൻ.എ.എസ്, ഡെപ്യൂട്ടി ഡയറക്ടർ. | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : 25.10.2016 മുതൽ 27.10.2016 വരെ | |
| | 07.11.2016 മുതൽ 15.11.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : ശ്രീ.സതീഷ് മാവേലി.പി | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ.സക്കീർ ഹുസൈൻ.പി | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.അമീൻ ഫൈസൽ.ടി.ടി | ഓഡിറ്റർ |

(ബി).നിർവ്വഹണാധികാരികൾ.

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി.ആസ്യ ടീച്ചർ | 01.04.2015മുതൽ31.10.2015വരെ |
| | | അഡ്മിനസ്ട്രേറ്റീവ് ബോർഡ് | 01.11.2015 മുതൽ 08.11.2015 വരെ |
| | | ശ്രീമതി.പ്രേമലത.കെ.പി | 09.11.2015മുതൽ31.03.2016വരെ |
| സെക്രട്ടറി | : | മുഹമ്മദ് അഷ്റഫ്.വൈ.പി | 01.04.2015മുതൽ22.01.2016വരെ |
| | | ജോസ് പ്രകാശ്.ടി.എ (ജെ.എസ്- സെക്രട്ടറി-ഇൻ-ചാർജ്) | 23.01.2016മുതൽ04.03.2016വരെ |
| | | ഷാലിനി വർഗ്ഗീസ് (എ.എസ്- സെക്രട്ടറി-ഇൻ-ചാർജ്) | 05.03.2016മുതൽ31.03.2016വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | : | | |

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എൻജിനീയർ | കെ.സേതുമാധവൻ | 01.04.2015മുതൽ 31.03.2016വരെ |
| വി.ഇ.ഒ | അബ്ദുൽ റഷീദ്.കെ.എ | 01.04.2015മുതൽ 09.11.2015വരെ |
| | അജയഘോഷ്.വി | 10.11.2015മുതൽ31.03.2016വരെ |
| ഐ.സി.ഡി.എസ് സൂപ്രവൈസർ | ആമിന.ബി | 01.04.2015മുതൽ22.04.2015വരെ |
| | ഉമ്മുകുൽസു.എം | 23.04.2015മുതൽ31.03.2016വരെ |
| മെഡിക്കൽ ഓഫീസർ | | |
| പി.എച്ച്.സി (എം.ഒ) | ഡോ.ജയനാരായണൻ | 01.04.2015മുതൽ 31.03.2016വരെ |
| ജി.എ.ഡി (എം.ഒ) | ഡോ.ജോഷ്ന | 01.04.2015മുതൽ18.03.2016വരെ |
| | ഡോ.മിധു.കെ.തമ്പി | 19.03.2016മുതൽ31.03.2016വരെ |
| ഹോമിയോ (എം.ഒ) | ഡോ.കാസിം | 01.04.2015മുതൽ 31.03.2016വരെ |
| വെറ്ററനറി സർജൻ | ഡോ.രവികുമാര | 01.04.2015മുതൽ 31.03.2016വരെ |
| എച്ച്.എം | മൊയ്തീൻ.പി<br>മോഹനൻ.കെ | 01.04.2015മുതൽ31.05.2015വരെ<br>01.06.2015മുതൽ31.03.2016വരെ |
| കൃഷി ഓഫീസർ | ഹംസ കുരിക്കൾ<br>ഹൃദ്യ അനിൽ | 01.04.2015മുതൽ17.12.2015വരെ<br>18.12.2015മുതൽ31.03.2016വരെ |
| അസി.സെക്രട്ടറി | ഉഷാകുമാരി.ഒ | 01.04.2015മുതൽ 19.08.2015വരെ |
| | ഷാനിർ.കെ | 20.08.2015മുതൽ 31.10.2015വരെ |
| | ഷാലിനി വർഗ്ഗീസ് | 01.11.2015മുതൽ 31.03.2016വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | മുഹമ്മദാലി.എം | 01.04.2015മുതൽ 31.03.2016വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 01 | ബജറ്റ് | 1-1 | |
| 02 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 03 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | |
| 04 | സാമ്പത്തിക വിശകലനം | 1-4 | |
| 05 | ഫണ്ട് വിനിയോഗം | 1-5 | |
| 06 | പദ്ധതി അവലോകനം | 1-6 | |
| 07 | തനത് വരുമാനം | 1-7 | |
| 08 | ക്ഷേമപദ്ധതികൾ | 1-8 | |
| 09 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |

| | | | |
|---|---|---|---|
| ഭാഗം 2 | | | |
| 12 | ബാങ്ക് നിക്ഷേപം- കുറഞ്ഞ പലിശക്ക് നിക്ഷേപിച്ചത് സംബന്ധിച്ച്. | 2-1 | |
| 13 | കാലഹരണപ്പെട്ട റവന്യൂ ഡിപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്. | 2-2 | |
| 14 | പാട്ട കുടിശ്ശിക- തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 2-3 | |
| 15 | കവറേജ്- ചട്ട വിരുദ്ധമായി പെർമിറ്റ് നൽകി. | 2-4 | |
| ഭാഗം 3 | | | |
| 16 | മരാമത്ത് പ്രവൃത്തി- ഡ്രൈനേജ് ഫോം പ്രവർത്തി അധികം അളവ് അനുവദിച്ചത് | 3-1 | |
| 17 | കിണർ പ്രവർത്തി കോൺക്രീറ്റ്റിംഗ് ഉയർന്ന നിരക്ക് അനുവദിച്ചത്. | 3-2 | |
| 18 | കുടിവെള്ള വിതരണ പദ്ധതികളുടെ പൂർത്തീകരണ വിവരം ലഭ്യമല്ല. | 3-3 | |
| 19 | പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് ട്രഞ്ചിന്റെ ഒരുവശത്ത് താല്ക്കാലിക വേലി സ്ഥാപിക്കുന്നത്. | 3-4 | |
| 20 | മോട്ടോർ ഉപയോഗിച്ച് വെള്ളം പമ്പ് ചെയ്യുന്നതിന് തുക അനുവദിച്ചത്. | 3-5 | |
| 21 | പൊതുമരാമത്ത് പ്രവർത്തികൾ- അപാകതകൾ. | 3-6 | |
| 22 | കുടിവെള്ള വിതരണ പദ്ധതി -അപാകതകൾ | 3-7 | |
| 23 | സെക്രട്ടറിയുടെ ചെലവ്- അപാകതകൾ | 3-8 | |
| 24 | ഭവന റിപ്പയർ പ്രവർത്തികൾ-അപാകതകൾ. | 3-9 | |
| 25 | ഐ.എ.വൈ വിഹിതം അധികം അടവാക്കി. | 3-10 | |
| 26 | ജില്ലാ പഞ്ചായത്തിൽ നിന്ന് കിട്ടിയ വാഹനം പ്രയോജനപ്പെടുത്തിയില്ല. | 3-11 | |
| 27 | പ്രോജക്ട് പ്രകാരം വാങ്ങിയ കമ്പ്യൂട്ടർ ആറ് മാസം പ്രയോജനപെടുത്തിയില്ല. | 3-12 | |
| 28 | മരുന്നുകൾ മുഴുവനായും ലഭ്യമാക്കാത്തത്. | 3-13 | |
| 29 | ആശ്രയ രണ്ടാം ഘട്ടം; അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്. | 3-14 | |
| ഭാഗം 4 | | | |
| 29 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 30 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 32 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |

| | | | |
|---|---|---|---|
| 33 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 34 | ഓഡിറ്റ് റിക്കവറി | 4-6 | |
| 35 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്.

2015-16വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 27.03.2015 തിയതിയിലെ 2 തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 01.07.2016 | --- | --- |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 09.11.2016, 10.11.2016 | ഇതേ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു. |

2015-16-ലെ വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. ബാധ്യതയായി രേഖപ്പെടുത്തിയ പോഷകാഹാരം, TSC എന്നീ പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ (Specific Purposes) പ്രത്യേകം അക്കൗണ്ടിൽ സൂക്ഷിക്കുന്നില്ല.
2. പിരിഞ്ഞുകിട്ടാനുള്ളതിൽ സംശയാസ്പദമായ തുകകൾക്ക് (Sundry Debtors- receivables) പ്രൊവിഷൻ നൽകിയിട്ടില്ല.
3. അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറുന്ന സാമ്പത്തിക വർഷത്തിന് മുമ്പുള്ള ആസ്തികളുടെ വിവരം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
4. വസ്തുനികുതി ഡിമാന്റ്/അരിയർ ഡിമാന്റ് റജിസ്റ്റർ ക്ലോസ് ചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല.
5. ഭൂമി പാട്ടത്തിന് നൽകിയ ഇനത്തിൽ ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല.
6. ബജറ്റ് ഫങ്ഷൻ-ഫങ്ഷനറി അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല.

*(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)*

### 1-4 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 53239849 |

| | |
|---|---|
| വരവ് | 68789965 |
| ആകെ | 122029814 |
| ചെലവ് | 95179288 |
| നീക്കിയിരിപ്പ് | 26850526 |

## 1-5 ഫണ്ട് വിനിയോഗം.

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രഡിറ്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ കാലഹരണപ്പെട്ടത് | ചെലവ് ശതമാനം | നീക്കിയിരിപ്പ് (RP 40(B) പ്രകാരം |
|---|---|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 5817523 | 14757622 | 9501923 (+) | 30077068 | 20420458 | 9656610 | 68 | 0 |
| വികസന ഫണ്ട് എസ്.സി.പി. | 3826311 | 9394000 | 0 | 13220311 | 10089715 | 3130596 | 76 | 0 |
| വികസന ഫണ്ട് ടി.എസ്.പി. | 9000 | 5000 | 9000 (-) | 5000 | 0 | 5000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 3333029 | 9575000 | 0 | 12908029 | 12895224 | 12805 | 100 | 0 |
| സംരക്ഷണ ഗ്രാന്റ് (NR) | 1277501 | 4789000 | 0 | 6066501 | 5742882 | 323619 | 95 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3605700 | 6075143 | 4414841 (-) | 5266002 | 5252464 | 13538 | 100 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 5078082 | 5078082 | 5078082 (-) | 5078082 | 5078082 | 0 | 100 | 0 |
| എം.ജി.എൻ. ആർ.ഇ.ജി.എസ്. | 0 | 16150208 | | 16150208 | 16140302 | 0 | 100 | 9906 |
| ബി ഫണ്ട് | 0 | 49677533 | | 49677533 | 49677533 | 0 | 100 | 0 |

## 1-6പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 256 | 88930615 | 230 | 81997541 | 15 | 11 | 90 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 6 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 11888716 | 2708005 | 9180711 | 77 (-) |
| നികുതിയേതര വരവുകൾ | 1557954 | 7731000 | 6173046 | 396 (+) |
| മറ്റുവരവുകൾ | 13788963 | 14596644 | 807681 | 6 (+) |
| ആകെ | 27235633 | 25035649 | 2199984 | 8 (-) |

## 1-8 ക്ഷേമപദ്ധതികൾ.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 4660801 | 296 |
| കർഷകതൊഴിലാളി പെൻഷൻ | 5773200 | 1190 |
| വിധവാപെൻഷൻ | 18672800 | 1968 |
| വാർദ്ധക്യകാലപെൻഷൻ | 13801800 | 1860 |
| വികലാംഗപെൻഷൻ | 6553500 | 696 |
| അവിവാഹിതാ പെൻഷൻ | 1086400 | 110 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധന സഹായം | 270000 | 9 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.10.2016 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. നീക്കിയിരിപ്പ് ഇല്ല. കളക്ഷൻ അതത് ദിവസം തന്നെ ബന്ധപ്പെട്ട അക്കൗണ്ടുകളിൽ അടവാക്കിയിട്ടുണ്ട്.

## 1-10 ആഭ്യന്തരനിയന്ത്രണം.

പ്രത്യേക പരാമർശമില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.07.2016 | 01.06.2016 to 30.06.2016 | 22.072016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.08.2012- 21.08.2012 | 2007-08 to 2011-12 | 19.10.2012 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബാങ്ക് നിക്ഷേപം- കുറഞ്ഞ പലിശക്ക് നിക്ഷേപിച്ചത് ക്രമപ്രകാരമല്ല.

കരുവാരകുണ്ട് സർവ്വീസ് സഹകരണ ബാങ്കിന്റെ പാണ്ടിക്കാട് ബ്രാഞ്ചിലെ അക്കൗണ്ടിലാണ് (അക്കൗണ്ട് നം. SB.643) പഞ്ചായത്തിന്റെ തനത് വരുമാനം നിക്ഷേപിക്കുന്നത്. സേവിംഗ് ബാങ്ക് അക്കൗണ്ടുകൾക്ക് ദേശസാൽകൃത ബാങ്കുകൾ ഉൾപ്പടെ ഏറ്റവും കുറഞ്ഞത് പ്രതിവർഷം 4% നിരക്കിലാണ് പലിശ നൽകുന്നത്. എന്നാൽ പഞ്ചായത്തിന്റെ നിക്ഷേപത്തിന് പ്രതിവർഷം 2% നിരക്കിലാണ് പലിശ നൽകിയിട്ടുള്ളത്. ആയത് മൂലം പലിശ ഇനത്തിൽ പഞ്ചായത്തിന് ഭീമമായ നഷ്ടം സംഭവിക്കുന്നുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ മാത്രം പലിശ ഇനത്തിൽ പഞ്ചായത്തിന് ഏറ്റവും കുറഞ്ഞത് 174,287/- രൂപയുടെ നഷ്ടം ഉണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പലിശ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത തിയ്യതി | ലഭിച്ച പലിശ (@2%/ Year) | ലഭിക്കേണ്ട ഏറ്റവും കുറഞ്ഞ പലിശ (@4%/ Year) | കുറവ്/ നഷ്ടം |
|---|---|---|---|---|
| 01 | 30.09.2015 | 92,658 | 1,85,316 | 92,658 |
| 02 | 31.03.2016 | 81,629 | 1,63,258 | 81,629 |
| ആകെ | | 1,74,287 | 3,48,574 | 1,74,287 |

ദേശസാൽകൃത ബാങ്കുകളിലെ പഞ്ചായത്തിന്റെ നിക്ഷപങ്ങൾക്ക് (തൊഴിലുറപ്പ് ഉൾപ്പടെയുള്ള അക്കൗണ്ടുകൾക്ക്) പ്രതിവർഷം 4% നിരക്കിലാണ് പലിശ ലഭിച്ചിട്ടുള്ളത്. കൂടാതെ ഓഡിറ്റ് നടത്തിയ അന്വേഷണത്തിൽ മറ്റു സർവ്വീസ് സഹകരണ ബാങ്കുകളും പഞ്ചായത്തുകളുടെ സേവിംഗ് ബാങ്ക് അക്കൗണ്ടുകളിലെ നിക്ഷേപങ്ങൾക്ക് ഏറ്റവും കുറഞ്ഞത് പ്രതിവർഷം 4% നിരക്കിൽ പലിശ നൽകുന്നുണ്ടെന്ന് ബോധ്യപ്പെട്ടു.

ശരാശരി 80 മുതൽ 90 ലക്ഷം രൂപവരെ നീക്കിയിരുപ്പുള്ള പഞ്ചായത്തിന്റെ തനത് വരുമാനം കുറഞ്ഞ പലിശയക്ക് നിക്ഷേപിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതും, പഞ്ചായത്തിന്റെ താൽപര്യം സംരക്ഷിക്കപ്പെടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

മേൽ പരാമർശം ശ്രദ്ധയിൽപ്പെടുത്തികൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (എൻക്വയറി നം. 09/10.11.2016) മറുപടിയിൽ നാളിതുവരെയുള്ള നിക്ഷേപങ്ങൾക്ക് 5% നിരക്കിൽ പലിശ ആവശ്യപ്പെട്ടുകൊണ്ട് ബാങ്കിന് കത്ത് നൽകിയതായി സെക്രട്ടറി അറിയിച്ചു. 2014-15 സാമ്പത്തിക വർഷം മുതലുള്ള നിക്ഷപങ്ങൾക്ക് 4% നിരക്കിൽ പലിശ നൽകാമെന്നും, 2014-15 -ന് മുമ്പുള്ള നിക്ഷേപങ്ങൾക്ക് ബാങ്ക് ഭരണ സമതിയുടെ തീരുമാന പ്രകാരം തുടർ നടപടി സ്വീകരിക്കാമെന്നും ബാങ്ക് മാനേജർ അറിയിച്ചതായി സെക്രട്ടറി അറിയിച്ചു.

മേൽ വിഷയം ഓഡിറ്റ് ഗൗരവമായി വീക്ഷിക്കുന്നു. വിവരം പഞ്ചായത്ത് ഭരണ സമതിക്ക് റിപ്പോർട്ട് ചെയ്യേണ്ടതും, സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-2 കാലഹരണപ്പെട്ട റവന്യൂ ഡിപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്.

കേരള ഫിനാൻഷ്യൽ കോഡ് വോള്യം I, ആർട്ടിക്കൾ 282 പ്രകാരം റവന്യൂ ഡിപ്പോസിറ്റുകൾ ഫേം കാലാവധി കഴിഞ്ഞ് മൂന്ന് വർഷത്തിനകം ക്ലൈം ചെയ്യേണ്ടതും, അല്ലാത്തപക്ഷം ആയത് കാലഹരണപ്പെടുന്നതും, തനത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതുമാണ്. എന്നാൽ വിവിധ ഇനങ്ങളിലായി പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളതും, കാലഹരണപ്പെട്ടതുമായ റവന്യൂ ഡിപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയിരുന്നില്ല. 1995-96 മുതൽ 2010-11 വരെയുള്ള റവന്യൂ ഡിപ്പോസിറ്റുകളെ കുറിച്ച വിവരം താഴെ ചേർക്കുന്നു.

| വർഷം | റവന്യൂ ഡിപ്പോസിറ്റ് |
|---|---|
| 1995-96 | 197000 |
| 2000-01 | 10000 |
| 2002-03 | 70000 |
| 2006-07 | 31250 |
| 2007-08 | 17500 |
| 2008-09 | 6250 |
| 2009-10 | 125568 |
| 2010-11 | 53450 |

കാലഹരണപ്പെട്ട റവന്യൂ ഡിപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 പാട്ട കുടിശ്ശിക- തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്ത് ഭരണ സമതിയുടെ 11.08.2003- ലെ 7(6), 04.09.2003- ലെ 6(1), 6(7) എന്നീ തീരുമാനങ്ങൾ പ്രകാരം പഞ്ചായത്ത് ഉടമസ്ഥതയിലുള്ള പാണ്ടിക്കാട് വില്ലേജിൽപ്പെട്ട കൊളപ്പറമ്പിൽ സർവ്വേ നമ്പർ 21/1-ലെ സ്ഥലം; റോഡുപണികളുമായി ബന്ധപ്പെട്ട് ഹോട്ട് മിക്സ് പ്ലാന്റ്, ക്രഷർ എന്നിവ പ്രവർത്തിപ്പിക്കുന്നതിന് ശ്രീ.കെ.എം.മുഹമ്മദ് ഷരീഫ്, പാർട്ട്ണർ ചന്ദ്രഗിരി കൺസ്ട്രക്ഷൻ എന്നവർക്ക് പാട്ടത്തിന്ന് കൊടുത്തിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതിയുടെ 04.09.2003- ലെ 6(1) തീരുമാന പ്രകാരം പ്രതിമാസം 1000/- രൂപ നിരക്കിൽ ഒരു വർഷത്തേക്കും, ഒരു വർഷത്തിന് ശേഷം എഗ്രിമെന്റ് പുതുക്കുന്നപക്ഷം യുക്തമായ വാടക നിശ്ചയിക്കുന്നതിന്നും തീരുമാനിച്ചിരുന്നു. എന്നാൽ ടി ഭൂമി, മേൽ വ്യക്തിക്ക് പാട്ടത്തിന് കൊടുത്തതിന്റെ കാലയളവ്, പാട്ട തുക ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട തുക, ലഭിച്ച തുക, കുടിശ്ശിക എന്നിവ സംബന്ധിച്ച രേഖകൾ പഞ്ചായത്തിൽ ലഭ്യമല്ല. പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം പാട്ട കുടിശ്ശിക ഇനത്തിൽ പഞ്ചായത്തിന് 40,294/- രൂപ ലഭിക്കാനുണ്ട്.

പാട്ട കുടിശ്ശിക സംബന്ധിച്ച രേഖകൾ ലഭ്യമാക്കേണ്ടതും, കുടിശ്ശിക ബന്ധപ്പെട്ട കക്ഷികളിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 2-4 കവറേജ്- ചട്ട വിരുദ്ധമായി പെർമിറ്റ് നൽകി.

2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 35(2), പട്ടിക 2 പ്രകാരം കാറ്റഗറി II പഞ്ചായത്തുകളിൽ വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് (F) പരമാവധി അനുവദനീയമായ വ്യാപ്തി (Coverage) പ്ലോട്ട് വിസ്തീർണ്ണത്തിന്റെ 55% ശതമാനമാണ്. എന്നാൽ ശ്രീ. അബ്ദുള്ള, വെള്ളേങ്ങര വീട്, ചെമ്പ്രശ്ശേരി എന്നയാൾക്ക് വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് മേൽ ചട്ടത്തിന് വിരുദ്ധമായി പെർമിറ്റ് നൽകിയിട്ടുണ്ട് (പെർമിറ്റ് നമ്പർ എ1- 93/2015 തിയ്യതി 11.05.2015). വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| Total Plinth Area | : 1672.13 M2 |
| Second Floor Area | : 477.34 M2 |
| Plot Area | : 770 M2 (6413/14 dtd 14.11.2012, Possession<br>Certificate No. 8502910 dtd 12.10.2014). |
| Coverage | : 61.99 % ( Permissible 55 %) |

ക്രമ വിരുദ്ധമായി പെർമിറ്റ് നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

[കുറിപ്പ്: മേൽ അപാകത ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 03/07.11.2016) ലഭിച്ച മറുപടിയിൽ, പെർമിറ്റ് റദ്ദുചെയ്യുന്നതിന് നടപടി സ്വീകരിച്ചതായി അറിയിച്ചു. സ്വീകരിച്ചിട്ടുള്ള നടപടി സംബന്ധിച്ച് വിവരം ബന്ധപ്പെട്ട രേഖകളുടെ പകർപ്പ് സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്]

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 മരാമത്ത് പ്രവൃത്തി- ഡ്രൈനേജ് ഫോം പ്രവർത്തി അധികം അളവ്.

പ്രവൃത്തി-ഒടോമ്പറ്റ മച്ചമല റോഡിന് ഡ്രൈനേജ്

എഗ്രിമെന്റ് -80/29-2-16കൺവീനർ -ഷംസുദ്ദീൻ
വൗച്ചർ -186/31.3.16

തുക -300000
മേൽ പ്രവൃത്തിയിൽ റോഡിന്റെ വശങ്ങളിൽ ഡ്രൈനേജ് നിർമ്മിക്കുന്നതിന്ന് ചുവടെ ചേർത്തിരിക്കുന്ന അളവുകൾ പ്രകാരമാണ് അംഗീകരിച്ചിട്ടുള്ളത്

| ഇനം | എസ്റ്റിമേറ്റ് പ്രകാരം | അളവെടുപ്പ് പ്രകാരം | |
|---|---|---|---|
| ഡ്രൈനേജിന് മൺപ്പണി | 59x1.2x0.9 | 63.35x1.2x0.5 | |
| സെന്ററിംഗ്& ഷട്ടറിംഗ് | 4 nos 59x0.7 | Right side<br>2x19.2x0.6<br>2x1.65x0.4<br>2x42.5x0.7 | Left side<br>2x63.35x0.7 |
| ഡ്രൈനേജ് വാൾ(RCC 1:3:6) | 2nos<br>59x(0.25+0.2)/2x0.7 | Right side<br>19.2x(0.2+0.25)/2x0.6<br>42.5x(0.2+0.25)/2x0.7<br>1.65x(0.2+0.25)/2x0.4 | Left side<br>63.35x(0.2+0.25)/2x0.7 |

ഡ്രൈനേജിനായി ചുമർകെട്ടിയതിൻറ് (RCC 1:3:6)മുഴുവൻ നീളത്തിൻറയും ഇരുവശവും(inside &Out side)സെന്ററിംഗ്& ഷട്ടറിംഗ് അനുവദിച്ചത് ക്രമ പ്രകാരമല്ല ഡി.എസ് .ആർ നിരക്ക് പ്രകാരം 1 $m^2$ ന് @427.30 രൂപ നിരക്ക് പ്രകാരമാണ് സെന്ററിംഗ്& ഷട്ടറിംഗിന് മൂല്യം കണക്കാക്കിയിട്ടുള്ളത് .മൂല്യ നിർണ്ണയം പ്രകാരം ഡ്രൈനേജിനായി തയ്യാറാക്കേണ്ട സ്ഥലം 63.35 x0.5 m കട്ടിംഗ് നടത്തിയതിൽ നിന്നും ഈ സ്ഥലത്ത് ഒരു വശത്ത് മണ്ണ് (പ്രതലം)ഉണ്ടെന്ന് വ്യക്തമാണ് .ആയതിനാൽ ഈസ്ഥലം മണ്ണില്ലാത്ത ഭാഗമാണെന്ന് കരുതാനാവില്ല .ഈ കാരണങ്ങളാൽ ഡ്രൈനേജിനായി കെട്ടിയുണ്ടാക്കിയ ചുമരിന്റെ ഇരുവശവും ഫോം വർക്ക് പ്രവർത്തി അനുവദിച്ചത് ക്രമപ്രകാരമല്ല. ഈ ഇനത്തിന് അനുവദനീയമായ അളവ്, അധികം അനുവദിച്ചത് എന്നിവ സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു

| അനുവദിച്ച അളവ് | അനുവദിക്കാവുന്നത് |
|---|---|
| Right side<br>2x19.2x0.6 =23.04 | Right side<br>1x19.2x0.6 =11.52 |

| | |
|---|---|
| 2x1.65x0.4 =1.32<br>2x42.5x0.7 =59.5 | 1x1.65x0.4 =0.66<br>1x42.5x0.7 =29.75 |
| Left side<br>2x63.35x0.7 =88.69 | Left side<br>1x63.35x0.7=44.35 |
| ആകെ172.55 എന്നാൽ അനുവദിച്ച അളവ് 153.65 m2 | ആകെ അനുവദിക്കാവുന്നത് 86.275 m2 |

67.375m2ന് (153.65-86.275)അധികമായി അനുവദിച്ച തുക28788രൂപ (67.375m2x427.28).അധിക അളവ് അനുവദിക്കുവാനുണ്ടായ കാരണം വ്യക്തമാക്കാൻ ഓഡിറ്റ് എൻക്വയറി മുഖേനെ ആവശ്യപെട്ടിരുന്നുവെങ്കിലും യാതൊരു മറുപടിയും ഹാജരാക്കാത്തതിനാൽ 28788രൂപ അധിക ചെലവായി കണക്കാക്കുന്നു. ആയത് മൂല്ല്യനിർണ്ണയം നടത്തിയ അസി.എഞ്ചിനിയറുടെ ബാധ്യതയായി കണക്കാക്കുന്നു.

## 3-2 കിണർ പ്രവർത്തി കോൺക്രീറ്റിംഗ് ഉയർന്ന നിരക്ക് അനുവദിച്ചത്.

നിർവഹണ ഉദ്യോഗസ്ഥൻ -അസി- എഞ്ചിനിയർ

ഗ്രാമ പഞ്ചായത്ത് 2015-16വർഷത്തിൽ നടപ്പാക്കിയ ചുവടെ ചേർത്തിരിക്കുന്ന കിണർ പ്രവൃത്തിയിൽ 20mm മെറ്റലുപയോഗിച്ചുള്ള1:1.5:3സിമന്റ് കോൺക്രീറ്റിംഗ്റിംഗ് പ്രവർത്തിക്ക് ഉയർന്ന നിരക്ക്അനുവദിച്ച കാണുന്നു. യഥാർത്ഥത്തിൽ അനുവദനീയമായ നിരക്കിന്റെ വിവരം , അധിക ചെലവ് എന്നിവയുടെ വിവരവും ചുവടെ ചേർക്കുന്നു.

I.

| | |
|---|---|
| പ്രവർത്തി | വള്ളിക്കാപറമ്പ് കുടിവെള്ളപദ്ധതി (163/16) |
| കൺവീനർ | സെയ്ത് അഹമ്മദ്ഘാൻ |
| എഗ്രിമെന്റ് നമ്പർ | 228/14-15 |
| മെഷർമെന്റ് ബുക്ക് | 228/14-15 |
| മൂല്ല്യ നിർണ്ണയ തുക | 200000( ടാക്സ് അടക്കം)- തനത് ഫണ്ട് |
| വൗച്ചർ നമ്പർ/ തുക | 85/11-2-16 |

160.69/10dm3 എന്ന നിരക്ക് പ്രകാരം 7972 dm3 നാണ് മൂല്ല്യം കണക്കാക്കിയിട്ടുള്ളത് എന്നാൽ തുക കണക്കാക്കിയ ഡാറ്റ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

| അനുവദനീയമായ നിരക്ക് | |
|---|---|
| 1:1.5:3സിമന്റ് കോൺക്രീറ്റ് അളവ് | =13nosx3.14x3.10x0.15x0.42<br>=7.972m3 |
| 1:1.5:3സിമന്റ് കോൺക്രീറ്റിന് ആവശ്യമായ ഫോം പ്രവർത്തി | =13nosx2x3.14x3.10x0.42<br>=106.30m2 |

| | |
|---|---|
| 10dm3 ന് ആവശ്യമായ ഫോം പ്രവർത്തി | =106.30/7.972x100=0.133m2 |
| ഫോം പ്രവർത്തി കൂടാതെ<br>1:1.5:3സിമന്റ് കോൺക്രീറ്റിന് അനുവദിനീയമായ നിരക്കിന് | =71.63 |
| 10dm3ഫോം പ്രവർത്തി ഉൾപെടെഅനുവദനീയമായനിരക്ക് | =71.63 + 0.133x4019.41/10<br>=125.09 |

125.09/10 dm3നിരക്ക് അനുവദിക്കുന്നതിന് പകരം 160.69/10dm3 എന്ന നിരക്ക് അനുവദിച്ചതിനാൽ ഈ പ്രവർത്തിയിൽ ടി ഇനത്തിന്7972 dm3 മൂല്ല്യനിർണ്ണയത്തിൽ 28380 രൂപ (7972x(160.69/10-125.09/10) അധികം അനുവദിച്ചിട്ടുണ്ട്.

II.

| | |
|---|---|
| പ്രവർത്തി | പാറക്കോട്ടുക്കുന്ന് കുടിവെള്ളപദ്ധതി (161/2016) |
| കൺവീനർ | അബ്ദുൽ ഖാദർ |
| എഗ്രിമെന്റ് നമ്പർ | 210/6-3-15 |
| മെഷർമെന്റ് ബുക്ക് | 210/14-15 |
| മൂല്ല്യ നിർണ്ണയ തുക | 498571 ( ടാക്സ് അടക്കം)- തനത് ഫണ്ട് |
| വൗച്ചർ നമ്പർ/ തുക | 67/15-12-15 |

160.69/10dm3 എന്ന നിരക്ക് പ്രകാരം 10966 dm3 നാണ് മൂല്ല്യം കണക്കാക്കിയിട്ടുള്ളത് എന്നാൽ തുക കണക്കാക്കിയ ഡാറ്റ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

| | |
|---|---|
| അനുവദനീയമായ നിരക്ക് | |
| 1:1.5:3സിമന്റ് കോൺക്രീറ്റ് അളവ് | =11nosx3.14x4.20x0.15x0.45=9.792m3<br>3nosx3.14x2.90x0.10x0.43=1.175m3<br>total =10.967m3 |
| 1:1.5:3 കോൺക്രീറ്റിന് ആവശ്യമായ ഫോംപ്രവർത്തി | =11nosx2x3.14x4.20x0.45=130.56m2<br>3nosx2x3.14x2.90x0.43=23.50 m2<br>Total=164.06m2 |
| 10dm3 ന് ആവശ്യമായ ഫോം പ്രവർത്തി | =164.06/10.967x100=0.1496 |
| ഫോം പ്രവർത്തി കൂടാതെ<br>1:1.5:3സിമന്റ് കോൺക്രീറ്റിന് അനുവദനീയമായ നിരക്ക് | =71.63 |
| 10dm3 ഫോം പ്രവർത്തി ഉൾപെടെ അനുവദനീയമായ നിരക്ക് | =71.63 + 0.14966x4019.41/10<br>=131.76 |

131.76/10 dm3നിരക്ക് അനുവദിക്കുന്നതിന് പകരം 160.69/10dm3 എന്ന നിരക്ക് അനുവദിച്ചതിനാൽ ഈ പ്രവർത്തിയിൽ ടി ഇനത്തിന്10966 dm3 മൂല്ല്യനിർണ്ണയത്തിൽ അനുവദിച്ച 31724.6 രൂപ (10966x(160.69/10-125.09/10) അധിക നിരക്ക് അനുവദിക്കാനുണ്ടായ കാരണം വ്യക്തമാക്കൻ ഓഡിറ്റ്

എൻക്വയറി മുഖേന ആവശ്യപെട്ടിരുന്നുവെങ്കിലും യാതൊരു മറുപടിയും ഹാജരാക്കാത്തതിനാൽ 31,725 രൂപ അധിക ചെലവായി കണക്കാക്കുന്നു. ആയത് മൂല്യനിർണ്ണയം നടത്തിയ അസി.എഞ്ചിനിയറുടെ ബാധ്യതയായി കണക്കാക്കുന്നു.
മേൽ പ്രവൃത്തികളിൽ ആകെ അധികം ചെലവഴിച്ച തുക 60105/- രൂപ അസി. എൻജിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 കുടിവെള്ള വിതരണ പദ്ധതികളുടെ പൂർത്തീകരണ വിവരം ലഭ്യമല്ല.

നിർവഹണ ഉദ്യോഗസ്ഥൻ-അസി.എഞ്ചിനിയർ
ചുവടെചേർത്തിരിക്കുന്ന കുടിവെള്ള പദ്ധതികൾ ഭാഗികമായി മാത്രമാണ് ചെയ്തിരിക്കുന്നത്. പദ്ധതി പ്രവർത്തനക്ഷമമാവാൻ ആവശ്യമായ മറ്റ് ഇനങ്ങൾ മുൻ വർഷങ്ങളിൽ മറ്റേതെങ്കിലും ഫണ്ട് ഉപയോഗപെടുത്തി ചെയ്തതിന്റെ വിവരമോ, ബാക്കി തുടർവർഷങ്ങളിൽ ചെയ്യാനുദ്ദേശിക്കുന്നതായോ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ചേർത്തിട്ടില്ല. ആയതിനാൽ പ്രവൃത്തിയുടെ ബാക്കി പ്രവൃത്തികൾ ഏത് ഫണ്ട് ഉപയോഗിച്ച് ഏത് പദ്ധതി പ്രകാരം പൂർത്തിയാക്കി /നിലവിൽ പ്രവർത്തിക്കുന്നുണ്ടോ, അഥവാ നിലവിൽ പൂർത്തിയാക്കാനായി അവശേഷിക്കുന്നുണ്ടോ, എന്നുള്ളവിവരം ബന്ധപ്പെട്ട രേഖകൾ സഹിതം ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി മുഖേനെ ആവശ്യപെട്ടിരുന്നുവെങ്കിലും രേഖാമൂലം മറുപടിയൊന്നും ഹാജരാക്കിയില്ല.

പൂർത്തീകരണ വിവരം പ്രാദേശികമായി പരിശോധിച്ചുറപ്പ് വരുത്താത്തവയുടെയും പ്രാദേശികമായി പരിശോധിച്ചവയിൽ പൂർത്തിയാക്കാത്തവയുടെ വിവരവും ചുവടെ ചേർക്കുന്നു.

| വൗച്ചർ.തിയ്യതി | ചെലവ് തുക | പ്രവർത്തി സംബന്ധിച്ച വിവരം | ചെയ്ത പ്രവർത്തികൾ | ബാക്കി നിൽക്കുന്ന പ്രവർത്തികൾ |
|---|---|---|---|---|
| 173/31-3-16 | 200000 | കണ്ടകള്ളി പട്ടിക ജാതി കോളനി കുടിവെള്ള പദ്ധതി<br>കൺവീനർ-സുനിൽകുമാർ<br>എഗ്രിമെന്റ്-164/14-15<br>എം ബുക്ക്-164/14-15 | വിതരണ ലൈൻ,പമ്പിംഗ് മെയിൻ , പ്ളാറ്റ് ഫോം,ടാങ്ക് | കിണർ, പമ്പ് സെറ്റ്<br>സ്ഥാപിക്കൽ, ,പമ്പ് ഹൗസ്,ഇലക്ട്രിഫിക്കേഷൻ, |
| 191/31-3-16 | 300000 | ചെമ്പ്രശേരി സ്കൂൾകുന്ന്കുടിവെള്ള പദ്ധതി<br>കൺവീനർ-മുഹമ്മദ് കുരിക്കൾ<br>എഗ്രിമെന്റ്-5/30-3-12<br>എം ബുക്ക്-67/11-12 | കുഴൽ കിണർ, വിതരണ ലൈൻ,പമ്പിംഗ് മെയിൻ, പമ്പ് സെറ്റ്<br>സ്ഥാപിക്കൽ, പ്ളാറ്റ് ഫോം,ടാങ്ക് ,പമ്പ് ഹൗസ് | പ്രാദേശികമായി പരിശോധിച്ചതിൽ ഇലക്ട്രിഫിക്കേഷൻ നടത്താതായും പദ്ധതി പ്രവർത്തന ക്ഷമമല്ലാത്തതായും കാണപെട്ടു. |
| 194/31-3-16<br>115/29.02.16 | 495000<br>200000 | പറമ്പൻപൂള കുടിവെള്ള പദ്ധതി<br>കൺവീനർ-ശിഹാബുദ്ദീൻ | കിണർ, വിതരണ ലൈൻ,പമ്പിംഗ് മെയിൻ, പമ്പ് | ഇലക്ട്രിഫിക്കേഷൻ |

| | | | | |
|---|---|---|---|---|
| | | എഗ്രിമെന്റ്-10/15-16 & 11/15-16<br>എം ബുക്ക്-10/15-16 & 11/15-16 | സെറ്റ്<br>സ്ഥാപിക്കൽ, പ്ളാറ്റ് ഫോം,ടാങ്ക് ,പമ്പ് ഹൗസ് | |
| 193/31-3-16<br>83/11.02.16 | 281121<br>300000 | കോങ്ങത്ത് പട്ടിജാതി കോളനി കുടിവെള്ള പദ്ധതി<br>കൺവീനർ-ശശിധരൻ<br>എഗ്രിമെന്റ്-84/15-16<br>& 115/14-15<br>എം ബുക്ക്-84/15-16 & 115/14-15 | വിതരണ ലൈൻ,പമ്പിംഗ് മെയിൻ ,പമ്പ് സെറ്റ്<br>സ്ഥാപിക്കൽ, പ്ളാറ്റ് ഫോം, കിണർ,ടാങ്ക് | പമ്പ് ഹൗസ്,ഇലക്ട്രിഫിക്കേഷൻ |
| 82/11-2-16 | 500000 | കണ്ടപ്പൻതൊടിക കുടിവെള്ള പദ്ധതി<br>കൺവീനർ-രമേഷ്<br>എഗ്രിമെന്റ്-175/15-16<br>എം ബുക്ക്-175/15-16 | വിതരണ ലൈൻ,പമ്പിംഗ് മെയിൻ ,പമ്പ് സെറ്റ്<br>സ്ഥാപിക്കൽ, പ്ളാറ്റ് ഫോം,ടാങ്ക് ,പമ്പ് ഹൗസ് | കിണർ,ഇലക്ട്രിഫിക്കേഷൻ |
| 64/15-12-15 | 300000 | വള്ളിക്കാപറമ്പ് കുടിവെള്ള പദ്ധതി<br>കൺവീനർ-ഷംസുദ്ദീൻ<br>എഗ്രിമെന്റ്-12/15-16<br>എം ബുക്ക്-12/15-16 | വിതരണ ലൈൻ 750 m | കിണർ,പമ്പിംഗ് മെയിൻ ,പമ്പ് സെറ്റ്<br>സ്ഥാപിക്കൽ, പ്ളാറ്റ് ഫോം,ടാങ്ക് ,പമ്പ് ഹൗസ്,ഇലക്ട്രിഫിക്കേഷൻ |
| 188/31-3-16 | 98866 | കാരായ പാറ കുടിവെള്ള പദ്ധതി<br>കൺവീനർ-സക്കീർ<br>എഗ്രിമെന്റ്-25/15-16<br>എം ബുക്ക്-25/15-16 | പമ്പ് സെറ്റ്<br>സ്ഥാപിക്കൽ, ,ടാങ്ക് ,പമ്പ് ഹൗസ് | പ്രാദേശികമായി പരിശോധിച്ചതിൽ ഇലക്ട്രിഫിക്കേഷൻ നടന്നതായും വിതരണ ലൈൻ,പമ്പിംഗ് മെയിൻ എന്നിവ നടക്കാത്തതിനാൽ പദ്ധതി പ്രവർത്തന ക്ഷമമല്ലാത്തതായും കാണപെട്ടു.പദ്ധതി |

| | | | | |
|---|---|---|---|---|
| | | | | നടപ്പാക്കിയ കുഴൽകിണറിൽ ജല ലഭ്യതയില്ല എന്നും പ്രദേശവാസികൾ അറിയിച്ചു. |

പദ്ധതികൾ പൂർത്തിയാക്കി ലക്ഷ്യം കൈവരിക്കാത്തതിനാൽ മൊത്തം ചെലവ് 26,74,987 രൂപ തടസം ചെയ്യുന്നു.

ഏതാനും പ്രവൃത്തികൾ പ്രാദേശികമായി പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന അപാകതകൾ കണ്ടു.

പല പ്രവർത്തികളിലും ഗ്രാമ പഞ്ചായത്ത് ബിൽ പ്രകാരം അനുവദിച്ചതിൽ കൂടുതൽ ഇനങ്ങൾ പദ്ധതിയിൽ ചെയ്തതായി കാണുന്നു. ടി ഇനങ്ങൾ മുൻ വർഷങ്ങളിൽ ഗ്രാമ പഞ്ചായത്ത്/ബ്ളോക്ക്പഞ്ചായത്ത് ചെയ്തതാണെന്നുള്ള മറുപടിയാണ് നിർവഹണ ഉദ്യോഗസ്ഥൻ വാക്കാൽ നൽകിയത്. മുൻ വർഷങ്ങളിൽ ഇത്തരത്തിൽ ചെയ്ത പ്രവർത്തി ഇനങ്ങളുടെ വിവരം വിശദമായി എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പരാമർശിക്കാത്തതും പദ്ധതിക്ക് സമീപം പദ്ധതി നിർവഹണവുമായി ബന്ധപെട്ട വിശദവിവരങ്ങൾ അടങ്ങിയ ബോർഡ് സ്ഥാപിക്കാത്തതും കാര്യങ്ങൾ സുതാര്യമാക്കാൻ ഒരു തരത്തിലും സഹായകരമല്ല.

## 3-4 പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് ട്രഞ്ചിന്റെ ഒരുവശത്ത് താല്ക്കാലിക വേലി സ്ഥാപിക്കുന്നത്.

നിർവഹണ ഉദ്യോഗസ്ഥൻ-അസി.എഞ്ചിനിയർ

ചുവടെചേർത്തിരിക്കുന്ന കുടിവെള്ള പദ്ധതികളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായിതയ്യാറാക്കുന്ന ട്രഞ്ചിന്റെ ഒരുവശത്ത് താല്ക്കാലിക വേലി സ്ഥാപിക്കുന്നതിനും ട്രഞ്ചിൽ ചുമന്ന മണ്ണ് വിരിക്കുന്നതിനുമായി പ്രൊജക്റ്റ് ചെലവിന്റെ 15% ത്തോളം തുക മൂല്ല്യനിർണ്ണയ തുകയിൽ അംഗീകരിച്ച് നൽകികാണുന്നു.പ്രവർത്തിയുടെ കാര്യക്ഷമതയിൽ ഒരു തരത്തിലും ബാധിക്കാത്ത ടി ഇനങ്ങൾ ഇത്തരം പ്രവർത്തികളിൽ അനുവദിച്ച് നൽകുന്നതിന് CPWD യിൽ പരാമർശിക്കപെട്ടിട്ടുള്ള സ്പെസിഫിക്കേഷൻ/ഇത്തരം പ്രവർത്തികളിൽ CE യുടെ പ്രത്യക നിർദേശമുണ്ടെങ്കിൽ ആയത് ഹാജരാക്കേണ്ടതാണ്.

| വൗച്ചർ.തിയ്യതി | തുക | പ്രവർത്തി സംബന്ധിച്ച വിവരം | വേലികെട്ടിന് അനുവദിച്ച മൂല്ല്യം | ചുമന്ന മണ്ണിന് അനുവദിച്ച മൂല്ല്യം | വേലികെട്ടിന് &ചുമന്ന മണ്ണിന് അനുവദിച്ച മൂല്ല്യം |
|---|---|---|---|---|---|
| 84/11-2-16<br>&<br>81/11-2-16 | 500000<br>&<br>495000 | മഞ്ഞിലാംകുന്ന് കുടിവെള്ള പദ്ധതി<br>കൺവീനർ- രവീന്ദ്രൻ<br>എഗ്രിമെന്റ്- 214/14-15<br>എം ബുക്ക്- 214/14-15<br>& | 27890 | 20207 | 48097 |

| | | | | | |
|---|---|---|---|---|---|
| | | എഗ്രിമെന്റ്-214/14-15<br>എം ബുക്ക്-214/14-15 | | | |
| 66/15-12-15<br>&<br>67/15-12-15 | 470349<br>495000 | പാറക്കോട്ടുകുന്ന് കുടിവെള്ള പദ്ധതി<br>കൺവീനർ-അബ്ദുൽ ഖാദർ<br>എഗ്രിമെന്റ്-210/6-3-15<br>എം ബുക്ക്-210/14-15<br>&<br>എഗ്രിമെന്റ്-14/15-16<br>എം ബുക്ക്-14/15-16 | 25542 | 20423 | 45965 |
| 173/31-3-16 | 200000 | കണ്ടകള്ളി പട്ടിക ജാതി കോളനി കുടിവെള്ള പദ്ധതി<br>കൺവീനർ-സുനിൽകുമാർ<br>എഗ്രിമെന്റ്-164/14-15<br>എം ബുക്ക്-164/14-15 | 4844 | 3890 | 8734 |
| 65/15-12-15 | 495000 | ഒടോമ്പറ്റ പാലോട് കുടിവെള്ള പദ്ധതി<br>കൺവീനർ - അബ്ദുൽ മജീത്<br>എഗ്രിമെന്റ്-9/15-16<br>എം ബുക്ക്-9/15-16 | 16380 | 9649 | 26029 |
| 63/15-12-15 | 495000 | കാളംകാവ് കുടിവെള്ള പദ്ധതി<br>കൺവീനർ-ഇബ്രാഹീ<br>എഗ്രിമെന്റ്-13/15-16 | 20306 | 18672 | 38978 |

| | | | | | |
|---|---|---|---|---|---|
| | | എം ബുക്ക്-13/15-16 | | | |
| 191/31-3-16 | 300000 | ചെമ്പ്രശേരി സ്കൂൾകുന്ന്കുടിവെള്ള പദ്ധതി<br>കൺവീനർ-മുഹമ്മദ് കുരിക്കൾ<br>എഗ്രിമെന്റ്-5/30-3-12<br>എം ബുക്ക്-67/11-12 | 8190 | 4369 | 12559 |
| 194/31-3-16 | 495000 | പറമ്പൻപൂള കുടിവെള്ള പദ്ധതി<br>കൺവീനർ-ശിഹാബുദ്ദീൻ<br>എഗ്രിമെന്റ്-10/15-16<br>എം ബുക്ക്-10/15-16 | 25155 | 11833 | 36988 |
| 193/31-3-16 | 281121 | കോങ്ങത്ത് പട്ടിജാതി കോളനി കുടിവെള്ള പദ്ധതി<br>കൺവീനർ-ശശിധരൻ<br>എഗ്രിമെന്റ്-84/15-16<br>എം ബുക്ക്-84/15-16 | 12870 | 7646 | 20516 |
| 82/11-2-16 | 500000 | കണ്ടപ്പൻതൊടിക കുടിവെള്ള പദ്ധതി<br>കൺവീനർ-രമേഷ്<br>എഗ്രിമെന്റ്-175/15-16<br>എം ബുക്ക്-175/15-16 | 19083 | 13420 | 32503 |
| 64/15-12-15 | 300000 | വള്ളിക്കാപറമ്പ് കുടിവെള്ള പദ്ധതി<br>കൺവീനർ-ഷംസുദ്ദീൻ<br>എഗ്രിമെന്റ്-12/15-16<br>എം ബുക്ക്-12/15-16 | 17126 | 14393 | 31519 |

| | | | | | |
|---|---|---|---|---|---|
| 190/31-3-16 | 150000 | ചെമ്പ്രശേരി ഈസ്റ്റ്കുടിവെള്ള പദ്ധതി പൈപ് ലൈൻ നീട്ടൽ<br>കൺവീനർ- അലി ആന പട്ടത്ത്<br>എഗ്രിമെന്റ്- 83/15-16<br>എം ബുക്ക്- 83/15-16 | 11700 | 6372 | 18072 |

വിവരം ഓഡിറ്റ് എൻക്വയറി മുഖേന നിർവ്വഹണ ഉദ്യോഗസ്ഥനെ അറിയിച്ചതിൽ ട്രഞ്ചിന്റെ ഒരു ഭാഗത്ത് മനുഷ്യർക്കും, മൃഗങ്ങൾക്കും വാഹനങ്ങൾക്കും ഒരു സംരക്ഷണമായാണ് വേലികൾ സ്ഥാപിക്കാറുള്ളത് എന്നും, പൈപ്പ് ലൈൻ സ്ഥാപിച്ച കഴിഞ്ഞാൽ പൊളിച്ച് മാറ്റുകയാണ് ചെയ്യാറുള്ളത് എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. എന്നാൽ ഡ്രൈനേജിനായോ, റോഡിന്റെ വശം സംരക്ഷിക്കുന്നതിനായും ഇതിലും ആഴത്തിലുള്ള കിടങ്ങുകൾ തയ്യാറാക്കുമ്പോഴും ഇത്തരത്തിലുള്ള ഒരു സംരക്ഷണം നൽകാറില്ല. മാത്രമല്ല ട്രഞ്ച് തയ്യാറാക്കുന്നതും, പൈപ്പ് ലൈൻ സ്ഥാപിക്കുന്നതും ഒരേ ദിവസംതന്നെ ചെയ്യാവുന്ന പ്രവൃത്തി ഇനങ്ങളാണ്. മെഷർമെന്റ് ബുക്ക് പരിശോധിച്ചതിൽ ട്രഞ്ച് തയ്യാറാക്കുന്നതും, പൈപ്പ് ലൈൻ സ്ഥാപിക്കുന്നതും തൊട്ടടുത്ത ദിവസങ്ങളിലാണെന്ന് കാണുന്നു. ഒന്നോ, രണ്ടോ ദിവസത്തെ ഇടവേളക്കായി ഇത്രയധികം തുക ചെലവഴിച്ച നടപടി ക്രമത്തിലല്ല.

## 3-5 മോട്ടോർ ഉപയോഗിച്ച് വെള്ളം പമ്പ് ചെയ്യുന്നതിന് തുക അനുവദിച്ചത്.

ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ കുടിവെള്ള പദ്ധതികളിൽ കിണർ നിർമ്മിക്കുമ്പോൾ/ആഴം കൂട്ടുമ്പോൾ /സിമന്റ് കോൺക്രീറ്റ് റിംഗ് സ്ഥാപിക്കുമ്പോൾ എന്നീ സന്ദർഭങ്ങളിൽ മോട്ടോർ ഉപയോഗിച്ച് വെള്ളം പമ്പ് ചെയ്ത് കളയുന്നതിലേക്കായി പദ്ധതിക്ക് മൊത്തം ചെലവായ തുകയുടെ 10% ത്തിലധികരിച്ച തുക മൂല്യ നിർണ്ണയ തുകയിൽ അംഗീകരിച്ച് നൽകിയിട്ടുണ്ട്. ഓവർസീയർമാർ അംഗീകരിച്ച് നൽകുന്ന DLR അടിസ്ഥാനമാക്കിയാണ് മൂല്യം അംഗീകരിച്ച് നൽകിയിട്ടുള്ളത്.പ്രവർത്തികളിലെല്ലാം അടങ്കലിലിൽ വകയിരുത്തിയ തുക പൂർണ്ണമായും അംഗീകരിച്ച് നൽകുകയാണ് ചെയ്തിട്ടുള്ളത്. 5Hp മോട്ടോർവെച്ച് 8 മണിക്കൂർ വീതം 5 ദിവസത്തിൽ കൂടുതൽ (ചിലതിന് 2 എണ്ണം) ഉപയോഗിച്ചതായാണ് അംഗീകരിച്ചിട്ടുള്ളത്. ഡിസംബർ, ജനുവരിമാസങ്ങളിൽ പ്രവർത്തി ചെയ്യുന്നതും, കിണറിന്റെ ആഴവും പ്രദേശത്തെ ജല ലഭ്യതയും , ഇത്രയും തുക ചെലവഴിച്ചത് നീതീകരിക്കത്തക്കതല്ല. മാത്രമല്ല വെള്ളമുള്ള സ്ഥലത്ത് മൺപണി എടുക്കുന്നതിനും റിംഗ് തയ്യാറാക്കുന്നതിനും മാത്രമാണ് ടി ഇനം പ്രവർത്തി ചെയ്യേണ്ടത്, ആയതിന് ഇത്രയും അധിക ദിവസം അനുവദിച്ചത് സാമാന്യ ബുദ്ധിക്ക് നിരക്കത്തക്കതല്ല. തുക അനുവദിച്ചത് സംബന്ധിച്ച് ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു. പരാമർശത്തിന് വ്യക്തമായ വിശദീകരണം ലഭിക്കാത്ത പക്ഷം ആയത് തുടർ നടപടിക്ക് ശുപാർശ ചെയ്യുന്നതാണെന്ന് അറിയിക്കുന്നു

| പ്രവർത്തി വിവരം | വൗച്ചർ | ചെലവഴിച്ച തുക/മൂല്യ നിർണ്ണയ തുക | വെള്ളം പമ്പ് ചെയ്യതിന് അനുവദിച്ച അളവ് | വെള്ളം പമ്പ് ചെയ്യതിന് അനുവദിച്ച തുക |
|---|---|---|---|---|
| പയ്യപറമ്പ് പൊതുകിണർ | 175/31-3-16 | 190402 | 224 KW/Hr (7ദിവസം 5Hp | 23990 |

| | | | | |
|---|---|---|---|---|
| നിർമ്മാണം<br>കൺവീനർ-അബ്ദുൽ കരീം<br>എഗ്രിമെന്റ്-8/11-9-15<br>എം ബുക്ക്-8/15-16 | | | മോട്ടോർ 8 മണിക്കൂർ വീതം) | |
| വള്ളിക്കാപറമ്പ് പൊതുകിണർ നിർമ്മാണം<br>കൺവീനർ-സൈദ് അഹമ്മദ് ഖാൻ<br>എഗ്രിമെന്റ്-228/14-15<br>എം ബുക്ക്-228/14-15 | 85/11-2-16 | 200000 | 358.08 KW/Hr (6ദിവസം 2 എണ്ണം 5Hp മോട്ടോർ 8മണിക്കൂർ വീതം) | 19823 |
| പാറകോട്ടുകുന്ന് പൊതുകിണർ നിർമ്മാണം<br>കൺവീനർ-അബ്ദുൽ ഖാദർ<br>എഗ്രിമെന്റ്-210/14-15<br>എം ബുക്ക്-210/14-15 | 67/15-12-15 | 498571 | 716.16 KW/Hr<br>(12ദിവസം 2 എണ്ണം 5Hp മോട്ടോർ 8മണിക്കൂർ വീതം) | 39647 |
| കൊടങ്ങാട് കുടിവെള്ള കിണർറിപ്പയർ<br>കൺവീനർ-അബ്ദുൽഅസീസ്<br>എഗ്രിമെന്റ്-24/15-16<br>എം ബുക്ക്-24/15-16 | 114/29-2-16 | 200000 | 160 KW/Hr<br>(5ദിവസം 5Hp മോട്ടോർ 8മണിക്കൂർ വീതം) | 17064 |
| ചോലകുളം പൊതുകിണർ നിർമ്മാണം<br>കൺവീനർ-ഇബ്രാഹീം<br>എഗ്രിമെന്റ്-27/15-16<br>എം ബുക്ക്-27/15-16 | 113/29-2-16 | 175820 | 256 KW/Hr<br>(8ദിവസം 5Hp മോട്ടോർ 8മണിക്കൂർ വീതം) | 27302 |
| പറമ്പൻ പൂള പൊതുകിണർ നിർമ്മാണം<br>കൺവീനർ- | 115/29-2-16 | 200000 | 224 KW/Hr<br>(7ദിവസം 5Hp മോട്ടോർ 8മണിക്കൂർ വീതം) | 23900 |

| | | | | |
|---|---|---|---|---|
| ശിഹാബുദ്ദീൻ<br>എഗ്രിമെന്റ്-11/15-16<br>എം ബുക്ക്-11/15-16 | | | | |

ഓഡിറ്റ് എൻക്വയറിക്ക് അസി. എൻജിനിയർ ലഭ്യമാക്കിയ മറുപടിയിൽ മേൽ അളവുകൾ എല്ലാം തന്നെ DLR മുഖേന മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളതാണെന്നും, ആയത് പ്രവർത്തികൾ കാര്യക്ഷമമായി പൂർത്തീകരിക്കുന്നതിന് അത്യാവശ്യമായിരുന്നു എന്നാണ് അറിയിച്ചത്. മറുപടി തടസം ഒഴിവാക്കത്തക്കതല്ല. ഖണ്ഡികയിന്മേൽ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-6 പൊതുമരാമത്ത് പ്രവർത്തികൾ- അപാകതകൾ.

2015-16 ൽ ഗ്രാമ പഞ്ചായത്തിന്റെ മൊത്തം വാർഷിക പദ്ധതി ചെലവിന്റെ 67ശതമാനം പൊതുമരാമത്ത് പ്രവൃത്തികൾക്കാണ് വിനിയോഗിച്ചതെന്ന് കാണുന്നു. തനതു വിഹിതം ഉൾപ്പെടെ വിവിധ സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ട് വകയിരുത്തി അസി.എഞ്ചിനീയർ നിർവ്വഹണം നടത്താൻ 199 പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 183 എണ്ണം നടപ്പാക്കി. ഒരു അസി.എഞ്ചിനീയർ, 2 ഓവർസിയർ ഉൾപ്പെടുന്ന എൽ സി ജി ഡി എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മാനുഷിക വിഭവശേഷിയിൽ ഒതുങ്ങി നിൽക്കാത്ത എണ്ണത്തിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നത് പദ്ധതി നടത്തിപ്പിന്റെ ഗുണമേന്മയെ ഗൗരവമായി ബാധിക്കുന്ന വിഷയമാണ്.

വാർഷിക പദ്ധതിയിൽ ഉൾപ്പെടുന്ന മരാമത്ത് പ്രവൃത്തികളുടെ പ്രോജക്ടുകൾ പരിശോധിച്ചതിൽ പദ്ധതികളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ, കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടങ്ങൾ എന്നിവയിയിലെ വ്യവസ്ഥകൾ ലംഘിക്കപ്പെടുന്നതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

1.റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാതെ പ്രവൃത്തികൾ ഏറ്റെടുക്കുന്നു

റോഡുകളുടെ പുനരുദ്ധാരണം, ടാറിംഗ്, റീടാറിംഗ് പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയ റോഡിന്റെ വിശദാംശം, യുനീക്ക് നമ്പർ ഉൾപ്പെടെയുള്ള കാര്യങ്ങൾ പ്രോജക്ട് ഫോറത്തിലും, എസ്റ്റിമേറ്റ് റിപ്പോർട്ടിലും രേഖപ്പെടുത്താൻ നിർദ്ദേശമുള്ളതാണ്. ആസ്തി രജിസ്റ്ററിന്റെ അപ്ഡേറ്റിംഗ് നടക്കാത്ത സാഹചര്യത്തിൽ ഇത്തരം നിർദ്ദേശങ്ങൾ പ്രയോഗതലത്തിൽ വരുത്താനായില്ല.

ഗ്രാമപഞ്ചായത്തുകൾ അവയുടെ അധികാര പരിധിയിൽ വരുന്ന ഹൈവേകളും മേജർ ജില്ലാ റോഡുകളുമായും ഏറ്റവും ചെറിയ ജനവാസ സ്ഥലങ്ങളിൽവരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടേയും ഒരു കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാനും ബ്ലോക്ക് പഞ്ചായത്തിന് കൈമാറാനും പതിനൊന്നാം പഞ്ചവൽസര പദ്ധതി മുതലുള്ള മാർഗ്ഗരേഖകളിൽ നിർദ്ദേശമുള്ളതുമാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കണക്ടിവിറ്റി മാപ്പുകൾ തയ്യാറാക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കാനും 28.2.2015 നകം പൂർത്തീകരിക്കാനും തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014 സർക്കുലറിലും നിർദ്ദേശിച്ചതാണെങ്കിലുംആയതിനായി പ്രാരംഭ നടപടി പോലും പൂർത്തിയാക്കിയില്ലെന്ന് കാണുന്നു. എഞ്ചിനീയറിംഗ് സ്ഥാപനമേധാവികൾ കണക്ടിവിറ്റി പ്ലാനിന്റെ ആവശ്യകത തദ്ദേശഭരണ സ്ഥാപനങ്ങളെ ബോദ്ധ്യപ്പെടുത്താനും അതിനുള്ള പ്രോജക്ട് നിർബന്ധമായും ഏറ്റെടുക്കാനുമുള്ള ചീഫ് എഞ്ചിനീയറുടെ 24.09.2014 ലെ DB2/8510/14 ലെ സർക്കുലറിലെ നിർദ്ദേശം അടിയന്തിരമായി നടപ്പിലാക്കേണ്ടതാണ്.

2.റോഡ് കോൺക്രീറ്റിംഗ് വ്യാപകമായി നിർവ്വഹിക്കുന്നു.

റോഡ് നിർമ്മാണം, മെച്ചപ്പെടുത്തൽ, പുനരുദ്ധാരണം എന്നിവയിൽ ചീഫ് എഞ്ചിനീയറുടെ നിലവിലുള്ള വ്യവസ്ഥകൾ പാലിച്ച് കൊണ്ട് മാത്രമേ കോൺക്രീറ്റിംഗ് പ്രവൃത്തികൾ ഏറ്റെടുക്കാവൂവെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയതാണ്. എന്നാൽ 3 മീറ്ററും അതിലധികവും വീതിയുള്ള റോഡിന്റെ ഉപരിതലം പോലും കോൺക്രീറ്റിംഗ് ചെയ്യുന്നു. മഴവെള്ളം കെട്ടി നിൽക്കുന്ന പ്രദേശം, കുത്തനെ കയറ്റമുള്ള റോഡ് പ്രതലം എന്നിങ്ങനെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയാണ്ഇത് ചെയ്യുന്നത്. എസ്റ്റിമേറിൽ വ്യക്തമായ കാരണം രേഖപ്പെടുത്താതെയും കോൺക്രീറ്റിംഗ് വ്യാപകമായി ചെയ്യുന്നുണ്ട്. വീതി 3 മീറ്ററിൽ താഴെയുള്ള

നടപ്പാതകളിൽ പൂർണ്ണമായും കോൺക്രീറ്റിംഗാണ് നിർവ്വഹിക്കുന്നത്. സബ് ബേസ് സൂങ്തനിംഗ് ഉറപ്പ് വരുത്തിയ ശേഷവും 1:2:4 കോൺക്രീറ്റിംഗ് ചീഫ് എഞ്ചിനീയറുടെ നിർദ്ദേശ പ്രകാരമുള്ള 7.5 മീ. കനത്തിൽ അധികം നിർവ്വഹിക്കുന്നതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

മഴവെള്ളം ഒഴുകിപ്പോകാൻ വേണ്ടത്ര സംവിധാനങ്ങളില്ലായെന്ന വസ്തുത നിലനിൽക്കുമ്പോൾ തന്നെ നിർമ്മാണത്തിനും മെയിന്റെനൻസിനും വലിയ സാമ്പത്തിക ചെലവ് വരുത്തിവെക്കുന്ന കോൺക്രീറ്റിംഗ് അവശ്യമായ സ്ഥലങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തേണ്ടതുണ്ട്. പഞ്ചായത്ത് ഭരണ സമിതിയും സാങ്കേതിക മേൽനോട്ടം വഹിക്കുന്ന അസി.എഞ്ചിനീയറും മേൽ നിർദ്ദേശം പരിശോധിച്ച് വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

3. ഗുണഭോക്തൃ സമിതികളുടെ പ്രവർത്തനത്തിലെ അപാകതകൾ

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് ഗുണഭോക്തൃ സമിതികളുടെ സംഘാടനപരമായ കഴിവും സാമ്പത്തിക ശേഷിയും ഒരു തലത്തിലും പരിശോധിക്കപ്പെടുന്നില്ല. .

പ്രവൃത്തി സംബന്ധിച്ച് സൈറ്റിൽ ഡിസ്പ്ലേ ബോർഡ് പ്രദർശിപ്പിക്കാനുള്ള നിർദ്ദേശം ഒരു മരാമത്ത് പ്രവൃത്തിയുടെ നിർവ്വഹണത്തിലും നടപ്പിലാക്കുന്നില്ല. കോൺട്രാക്റ്ററുടെ/കൺവീനറുടെ പേര്, ഫോൺ നമ്പർ, എഞ്ചിനീയറുടെ പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കാൻ എസ്റ്റിമേറ്റിൽ തുക വകയിരുത്താനും ചെലവഴിക്കാനും മാർഗ്ഗരേഖയിൽ വ്യവസ്ഥയുള്ളതാണ്. റോഡുകൾ നിർമ്മിക്കുമ്പോൾ പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലെ നിർദ്ദേശ പ്രകാരമുള്ള ബോർഡുകൾ വയ്ക്കണമെന്ന് തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014നമ്പർ സർക്കുലറിലും കർശന നിർദ്ദേശം നൽകിയതാണ്. ഗുണഭോക്തൃ കമ്മറ്റികൾ വഴിയുള്ള മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ 1997 ലെ കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് നടപടി ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ തദ്ദേശഭരണ വകുപ്പിന്റെ 4.3.2013 ലെ 1047/DA1/2013 ലെ സർക്കുലറിലും വ്യക്തമാക്കിയത് നടപ്പിലാക്കേണ്ടതാണ്.സമിതി രൂപീകരണം, പ്രവർത്തനം, തയ്യാറാക്കി സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ , ബില്ലുകൾ അനുവദിക്കൽ എന്നിവ സംബന്ധിച്ച് വ്യക്തമായ നിർദേശം മേൽ ചട്ടത്തിൽ നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത്നടപ്പാക്കിയ മരാമത്ത് പ്രവർത്തികളിലൊന്നും ഇത്തരത്തിലുള്ള നിർദ്ദേശങ്ങളൊന്നും പാലിച്ചതായി കാണുന്നില്ല. പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു

1.പ്രവർത്തി നടത്തുന്നതിനാവശ്യമായ എല്ലാ പണമിടപാടുകളും തൊട്ടടുത്ത സഹകരണ ബാങ്കിൽ/ഗ്രാമീണ ബാങ്കിൽ സമിതി ചെയർമാന്റെയും , കൺവീനറുടെയും പേരിൽ ആരംഭിക്കുന്ന സംയുക്ത അക്കൗണ്ടിൽ കൂടി മാത്രമേ നടത്താവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ മരാമത്ത് പ്രവർത്തികളിലൊന്നും ഇത്തരത്തിൽ അക്കൗണ്ട് തയ്യാറാക്കി കൂലി, മെറ്റീരിയൽസ് തുടങ്ങിയ ചെലവുകളൊന്നും ഇത്തരത്തിലുള്ള അക്കൗണ്ടിലൂടെ നടത്തിയതായി കാണുന്നില്ല.

2.പ്രവർത്തിക്കുവേണ്ടി നിയോഗിക്കുന്ന വിവിധ വിഭാഗം തൊഴിലാളികളുടെ പേര്, മേൽവിലാസം,അച്ചന്റെ പേര് , ഹാജർ വിവരം , വേതന നിരക്ക്, വേതനം എന്നീ വിവരങ്ങൾ ചേർക്കണമെന്ന് നിഷക്കർഷിച്ചിട്ടുണ്ട്. എന്നാൽ ഹാജരാക്കിയ മസ്റ്റർ റോളുകളിലൊന്നും തന്നെ ഇത്തരത്തിലുള്ള വിവരങ്ങളൊന്നും ചേർത്തിട്ടില്ല എന്നമാത്രമല്ല തൊഴിലാളികളുടെ ഒപ്പ് പോലും സംശയിക്കതക്കവിധത്തിലാണ് തയ്യാറാക്കിയിട്ടുള്ളത്.

3.പ്രവർത്തിക്ക് ആവശ്യമായ എല്ലാ നിർമാണ സാധനങ്ങളും ഗുണ .സമിതിയുടെ അംഗീകാരത്തിന് വിധേയമായി വാങ്ങേണ്ടതും ക്യാഷ് ബില്ലും രശീതിയും വാങ്ങിക്കേണ്ടതും ക്രമ നമ്പറിട്ട് സൂക്ഷിക്കേണ്ടതുമാണ്.സിമന്റ്. കമ്പി, സ്റ്റീൽ എന്നിവ അംഗീകൃത ഡീലറിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ മാത്രമേ വാങ്ങാൻ പാടുള്ളൂ. എന്നാൽ 90 % ബില്ലുകളും രശീതികളും വ്യക്തികളിൽ നിന്നുള്ളതാണ് ഹാജരാക്കിയിട്ടുള്ളത്. സിമന്റിന്റെയും സ്റ്റീലിന്റെയും ബിറ്റുമിന്റെയും ബില്ലുകൾ അംഗീകൃത ഡീലർമാരിൽ നിന്നുള്ളത് ( ഫോറം 8 B പ്രകാരമുള്ളത്) ഹാജരാക്കിയിട്ടില്ല.ഇൻവോയ്സ് ബില്ലുകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്

4.കുടിവെള്ള വിതരണ പദ്ധതികളിൽ മോട്ടോർ, പ്രിഫാബ്രിക്കേറ്റഡ് പമ്പ് ഹൗസ് എന്നിവക്ക് പ്രാദേശികനിരക്കാണ് അടങ്കലിൽ ഉൾപെടുത്തിയിട്ടുള്ളതും ബില്ലിൽഅനുവദിച്ചിട്ടുള്ളതും. എന്നാൽ ഫൈനൽ

ബില്ലിൽ അനുവദിച്ച മേൽ ഇനങ്ങളുടെ തുക സംബന്ധിച്ച് ചുവടെ ചേർത്തിരിക്കുന്ന അപാകതകൾകാണുന്നു.

കൺവീനർ/കരാറുകാരൻ ഹാജരാക്കിയിട്ടുള്ളത് സ്ഥാപനം നൽകിയിട്ടുള്ള ഫോറം 8 B പ്രകാരമല്ലാത്ത രശീതിയുടെ അടിസ്ഥാനത്തിലല്ല, സ്ഥാപനത്തിന്റെ ഇൻവായ്സ് ബിൽ മാത്രമാണ് ഫയലിൽ കാണുന്നത്. മോട്ടോറിന്റെ കമ്പനി, സ്പെസിഫിക്കേഷൻ, സീരിയൽ നമ്പർ. ഗ്യാരന്റി /വാറന്റി കാർഡ് തുടങ്ങിയ വിവരങ്ങളൊന്നും ഫയലിൽ ലഭ്യമല്ല.

ജി.ഒ.( പി)-259 /2010 ത. സ്വ.ഭ.വ 8-11-2010 ഉത്തരവ് പ്രകാരം സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖപുറപ്പെടുവിക്കുകയും , തദ്ദേശ സ്വയഭരണ സ്ഥപനങ്ങളുടേയും, കൈമാറികിട്ടിയ സ്ഥപനങ്ങളിലെയും, പ്രവർത്തികൾ നിർവഹിക്കുമ്പോൾ മാർഗ്ഗ രേഖ പാലിക്കണമെന്ന് നിഷ്കർച്ചിട്ടുള്ളതുമാണ്.എന്നാൽ പഞ്ചായത്ത് നടപ്പാക്കിയ ഇത്തരം പ്രവത്തികളിലെല്ലാം അടങ്കലിൽ ഉൾപെടുത്തിയ തുക പൊതുമരാമത്ത് നിരക്കെന്നപ്പോലെ കൺവീനർ ഹാജരാക്കുന്ന രശീതിയുടെ(സ്ഥാപനങ്ങൾ ടി സാധനങ്ങളുടെ അംഗീകൃത വിതരണക്കാരെന്ന് ഉറപ്പുവരുത്തിയിട്ടില്ല, ചില പ്രവർത്തികൾക്ക് പത്രപരസ്യം കൺവീനർ നൽകിയ പത്രപരസ്യം കാണുന്നു.) അടിസ്ഥാനത്തിൽ അംഗീകരിക്കുകയുമാണ്ചെയ്തിട്ടുള്ളത്. ഗ്രാമ പഞ്ചായത്ത് പ്രൊക്യർമെന്റ് കമ്മറ്റി രൂപീകരിക്കുകയോ കമ്മറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മെറ്റീരിയൽസ് വാങ്ങിയതായോ കാണുന്നില്ല, ഇക്കാര്യത്തിൽ ഏററവും കുറഞ്ഞ തുക യിൽ സാധനങ്ങൾ സംഭരിക്കുന്നതിനുള്ള യാതൊരുവിധ നടപടികളും പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല.

5.ടാറിംഗ് പ്രവർത്തികൾക്ക് ഡീലർമാരിൽ നിന്നുള്ള ബിൽ ഹാജരാക്കണമെന്ന നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും കൺവീനർമാർ നടപ്പാക്കിയ ഒരു പ്രവർത്തിയിൽ പോലും ഡീലർമാരിൽ നിന്നുള്ള ബിൽ ഹാജരാക്കിയിട്ടില്ല, പകരം ചില പ്രവർത്തികളിൽ സിഡ്കോയിൽ നിന്നുള്ള ഇൻവോയ്സ് ബിൽ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത് .

മേൽ വസ്തുതകളിൽനിന്ന് കൺവീനർമാർ നടപ്പാക്കിയ ഒരു പ്രവർത്തി പോലും ഗവൺമെന്റ് നിർദേശം പാലിച്ച് നടപ്പാക്കുന്നില്ല എന്ന് വ്യക്തമാണ് .

4.ഗുണഭോക്തൃ സമിതികളുടെ വരവ് ചെലവ് കണക്ക് സൂക്ഷ്മ പരിശോധന നടത്തുന്നില്ല.

ഗുണഭോക്തൃ സമിതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ചെലവ് കണക്കാക്കുന്നത് എസ്റ്റിമേറ്റിനെ അടിസ്ഥനമാക്കിയുള്ള എഞ്ചിനീയറുടെ മൂല്യനിർണ്ണയ തുക, സമിതിക്ക് ചെലവായത് ഇവയിൽ കുറവായ തുകയാണ് അനുവദിക്കാൻ നിർദ്ദേശമുള്ളത്. നിർവ്വഹണവുമായി ബന്ധപ്പെട്ട് ഗുണഭോക്തൃ സമിതി സൂക്ഷിക്കുന്ന മുഴുവൻ മെറ്റീരിയൽ പർച്ചേസ് ബില്ലുകളും തൊഴിലാളികൾക്ക് കൂലി വിതരണവുമായി ബന്ധപ്പെട്ട മസ്റ്റർറോളും സൂക്ഷ്മ പരിശോധന നടത്തി യഥാർത്ഥ ചെലവ് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം.

സമിതികൾ ഏറ്റെടുത്ത് നടപ്പിലാക്കിയ ടാറിംഗ് പ്രവൃത്തികൾ പരിശോധിച്ചതിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയത് 2014 ലെ DSR നിരക്കിനെ അടിസ്ഥാനമാക്കിയാണെന്നും ടാറിന്റെ മാർക്കറ്റ് വില ഈ നിരക്കിനേക്കാൾ കുറവാണെന്നും കാണുന്നു. ഇതെ പ്രവൃത്തികളുമായി ബന്ധപ്പെട്ട ചെലവ് കണക്ക് തയ്യാറാക്കിയപ്പോൾ സമിതികൾ ടാർ ലഭ്യമായതിന്റെ യഥാർത്ഥ ചെലവ് ഉൾപ്പെടുത്തുന്നുണ്ടെങ്കിലും മൊത്തം ചെലവ് മൂല്യനിർണ്ണയതുകയിൽ അധികരിക്കുന്ന രീതിയിൽ തൊഴിലാളികളുടെ കൂലി, മറ്റുള്ള മെറ്റീരിയലുകൾ വാങ്ങിയതിന്റെ ചെലവ് അധികമായി ഉൾപ്പെടുത്തുന്നുണ്ട്. . മരാമത്ത് പ്രവൃത്തികളുടെ ചെലവ് അനുവദിക്കുമ്പോൾ ഗുണഭോക്തൃ സമിതികളുടെ വരവ് ചെലവുകളുടെ കൃത്യത ബന്ധപ്പെട്ട ബിൽ, മസ്റ്റർറോൾ സഹിതം സൂക്ഷമപരിശോധന നടത്തേണ്ടതാണ്.

5.ഇ-ടെൻഡർ നടപ്പിലാക്കാതിരിക്കാൻ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്ന നിലപാട് നിയമപരമല്ല

2015-16വർഷത്തിൽ പൊതുമരാമത്ത് പ്രവൃത്തികൾ ഈ-ടെൻഡർ നടപടികളിലൂടെ നടപ്പിലാക്കാനായിട്ടില്ല. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ പൊതുമരാമത്ത് പ്രവൃത്തികൾ ഈ -ടെൻഡർ മുഖേന നടപ്പിലാക്കുകയെന്ന സർക്കാർ നയം സ.ഉ (സാധ) നമ്പർ 53/2015/ തസ്വഭവ തീയതി 07.01.2015 ലൂടെ വ്യക്തമാക്കിയതാണെങ്കിലും ഒരു പ്രവർത്തി ഒഴികെ ബാക്കിയെല്ലാം ഗുണഭോക്തൃ കമ്മറ്റികൾ വഴിയാണ്

നിർവ്വഹിച്ചതെന്ന് കാണുന്നു. 2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ടുകളിൽ 20എണ്ണം അടങ്കൽ തുക5 ലക്ഷവും അതിന് മുകളിലുള്ളവയുമാണ്. ഹൈക്കോടതി വിധിയെ തുടർന്ന് പുറപ്പെടുവിച്ച സ.ഉ (സാധ) നമ്പർ 1288/2015/ തസ്വഭവ തീയതി 30.04.2015 ൽ നിഷ്കർഷിച്ച പ്രകാരം 2015-16 മുതൽ 5 ലക്ഷവും അതിന് മുകളിലുള്ളതുമായ പ്രവൃത്തികൾ ഇ-ടെൻഡർ നടപടിക്രമങ്ങൾ പാലിച്ച് നടപ്പിലാൻ നിർദ്ദേശിച്ചതാണ്. ഇതിനെ തുടർന്ന് എൽ എസ് ജി ഡി ചീഫ് എഞ്ചിനീയർ 06.05.2015 ന് പുറപ്പെടുവിച്ച DB3/753/12/CE നമ്പർ സർക്കുലറിലും നിർദ്ദേശം പുറപ്പെടുവിച്ചതാണ്.സർക്കാർ നിർദേശം പാലിക്കാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

## 3-7 കുടിവെള്ള വിതരണ പദ്ധതി -അപാകതകൾ

| വൗച്ചർ.തിയ്യതി | ചെലവ് തുക | പ്രവർത്തി സംബന്ധിച്ച വിവരം | ചെയ്ത പ്രവർത്തികൾ |
|---|---|---|---|
| 84/11-2-16<br>&<br>81/11-2-16 | 500000<br>495000 | മഞ്ഞിലാംകുന്ന് കുടിവെള്ള പദ്ധതി<br>കൺവീനർ-രവീന്ദ്രൻ<br>എഗ്രിമെന്റ്-214/14-15<br>എം ബുക്ക്-214/14-15<br>&<br>എഗ്രിമെന്റ്-214/14-15<br>എം ബുക്ക്-214/14-15 | വിതരണ ലൈൻ1000m,പമ്പിംഗ് മെയിൻ, പമ്പ് സെറ്റ്സ്ഥാപിക്കൽ,പ്ളാറ്റ്ഫോം,ടാങ്ക്,പമ്പ് ഹൗസ് |

മൊത്തം 995000 രൂപ ചെലവ് ചെയ്ത ഈ പദ്ധതി പ്രാദേശികമായി പരിശോധിക്കുകയുണ്ടായി. പ്രവർത്തി മുൻ വർഷം കിണർ കുഴിച്ച് 2016-17 വർഷം വൈദ്യുതി കണക്ഷൻ നൽകി പ്രവർത്തന ക്ഷമമാണെന്ന് കണ്ടു.എന്നാൽ പ്രവർത്തി നടപ്പാക്കിയതിൽ ചുവടെ ചേർത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1.പദ്ധതിക്കായി തയ്യാറാക്കിയ കിണറും ടാങ്കും തമ്മിൽ ഏതാണ്ട് 500 മീറ്റർ ദൂരം കാണുന്നു. മാത്രമല്ല ടാങ്കിൽ നിന്ന് 1000m ദൂരമാണ് വിതരണ ലൈൻ . ചുരുക്കത്തിൽ പദ്ധതിയുടെ ഗുണഭോക്താക്കളും കിണറും തമ്മിൽ ഒന്നര കിലോമീറ്റർ ദൂരം കാണുന്നു.പദ്ധതിക്കായി പ്രദേശത്ത് ഏറ്റവും കുറഞ്ഞ ദൂരത്തിലും ചെലവിലും ലഭ്യമാക്കാമായിരുന്ന മറ്റ് Water sources (കുഴൽ കിണർ, മറ്റ് കിണറുകൾ)പരിശോധിക്കപെടാത്തത് പദ്ധതിക്ക് അധിക ചെലവുണ്ടാക്കിയിട്ടുണ്ട്.

2.കിണറിൽ നിന്ന്250 മീറ്റർ ദൂരം GI പൈപ്പാണ് പമ്പിംഗ് മെയിനിനായി ഉപയോഗിച്ചിരിക്കുന്നത്. ഇത്രയും ദൂരം ഒരു തോട്ടിലൂടെ ലൈൻ വലിക്കുന്നതിനാണ് 117601രൂപ ബില്ലിൽ അനുവദിച്ചിട്ടുണ്ട്.ഈ തോട്ടിലൂടെയോ അതിന് വെളിയിലായോ PVC പൈപ് ഉപയോഗിച്ച് ചെയ്യാവുന്ന ടി ഇനം പ്രവർത്തി GI പൈപ്പ് ഉപയോഗിച്ച് ചെയ്തത് അധിക ചെലവിന് വഴിയൊരുക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്.

3.മോട്ടോറും ടാങ്കും തമ്മിൽ ഏതാണ്ട് 35 മീറ്റർ(ഫയലിൽ ഉയരം കണക്കാക്കിയിട്ടില്ല) ഉയര വ്യത്യാസമുണ്ട് (ദൂരം 1000 മീറ്ററും), എന്നാൽ പമ്പിംഗിനായി സ്ഥാപിച്ചിട്ടുള്ളത് 5HP മോട്ടോറും സ്റ്റോറേജിനായി 5000ലിറ്റർ

ടാങ്കും മാത്രമാണ്. പദ്ധതിയുടെ ഗുണഭോക്താക്കളായി വരുന്ന കുടുംബങ്ങളുടെ എണ്ണം , കിണറും ടാങ്കും തമ്മിലുള്ള ഉയരം എന്നിവ പരിഗണിച്ചല്ല ഈ അളവുകൾ സ്ഥാപിച്ചതെന്ന് കാണുന്നു. ഫയലിലും ഇത്തരത്തിലുള്ള ഒരുകണക്കാക്കൽ നടത്തിയതായി കാണുന്നില്ല.

4.പ്രദേശവാസികളിൽ നിന്ന് ജല ലഭ്യത സംബന്ധിച്ച് അഭിപ്രായം ആരാഞ്ഞതിൽ ഒന്നിടവിട്ട ദിവസങ്ങളിൽ അര മണിക്കൂറോളം മാത്രം വെള്ളം ലഭിക്കുന്നുള്ളൂ, എന്നാണ് അറിയിച്ചത്.നവംബർ മാസത്തിൽ മാത്രം ഇത്തരത്തിലാണെങ്കിൽ കുടിവെള്ളം രൂക്ഷമാവുന്ന മാസങ്ങളിൽ പദ്ധതി കൊണ്ട് യാതൊരു പ്രയോജനവുംഉണ്ടാവില്ല എന്ന് വ്യക്തമാണ്.

വൈദ്യുതീകരണത്തിന് ഒഴിച്ച് 995000 രൂപ ചെലവ് ചെയ്ത ടി പദ്ധതി മേൽ പരാമർശങ്ങളാൽ അധികചെലവും ലക്ഷ്യം കൈവരിക്കാത്തതുമായ ആസ്തിയായി അവശേഷിക്കുന്നു.

## 3-8 സെക്രട്ടറിയുടെ ചെലവ്- അപാകതകൾ

എ).ഓഡിറ്റ് കാലയളവിൽ 106 പൊതു ടാപ്പുകൾക്ക് 5250/year നിരക്കിൽ പ്രതിമാസം 46375 രൂപ വീതം അടവാക്കുന്നുണ്ട്.ഇത്രയധികം പൊതു ടാപ്പുകളിൽ വെള്ളം സ്ഥിരമായി ലഭ്യമാവുന്നുണ്ടോ എന്ന് വൗച്ചറുകളിൽ ഒരിടത്തും രേഖപ്പെടുത്തി കാണുന്നില്ല. സംയുക്ത പരിശോധന നടത്തുന്നതിന് തുടർച്ചയായി കത്ത് നൽകുന്നുണ്ട് എങ്കിലും ഇത് വരെ വാട്ടർ അതോറിറ്റി യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല എന്ന് കാണുന്നു. വെള്ളം ലഭ്യമാവുന്ന ടാപ്പുകൾക്ക് മാത്രമെ വെള്ളക്കരം അടവാക്കുന്നുള്ളൂ എന്ന് ഭരണസമിതി ഉറപ്പ് വരുത്തേണ്ടതാണ്. മുൻ റിപ്പോർട്ടിലെ ഈ വിഷയവുമായി ബന്ധപ്പെട്ട് ചെയ്ത നടപടികൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ബി) കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനായി വൗച്ചർ 105/7.5.15 പ്രകാരം 8500 രൂപ Compulinks എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. സർക്കുലർ നമ്പർ 168/12.06.15 പ്രകാരം ഓഫീസ് വാഹനത്തിന് ബാറ്ററി വാങ്ങുന്നതിന് The exide point എന്ന സ്ഥാപനത്തിന് 5250 രൂപയും നൽകിയിട്ടുണ്ട്. സമാനമായ മറ്റ് വാങ്ങലുകൾക്കും ടാക്സ് ഇൻവോയ്സ് ഹാജരാക്കിയിട്ടില്ല എന്ന് കാണുന്നു.സർക്കാറിന് വാറ്റ് ഇനത്തിൽ ലഭ്യമാക്കേണ്ട തുക നഷ്ടപ്പെടുന്നതിന് ഇത് ഇടയാക്കുന്നു എന്ന് ശ്രദ്ധയിൽ പെടുത്തുന്നു.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-9 ഭവന റിപ്പയർ പ്രവർത്തികൾ-അപാകതകൾ.

ഭവന പുനരുദ്ധാരണത്തിന് അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തുന്ന രണ്ട് പ്രോജക്ടുകളും സെക്രട്ടറി നിർവഹണം നടത്തുന്ന ഒരു പ്രോജക്ടും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണം നടത്തുന്ന രണ്ട് പുതിയ പ്രോജക്ടുകളും രണ്ട് സപിൽ ഓവർ പ്രോജക്ടുകളും ഉണ്ട്.വിവിധ പ്രോജക്ടുകൾക്കായി ചെലവഴിച്ച തുകയുടെ വിവരം താഴെ കൊടുക്കുന്നു.

| പ്രോജക്ട് | നിർവഹണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 22/16 | VEO | 1620000 | 1620000 |
| 23/16 | VEO | 740000 | 740000 |
| 42/16 | VEO | 135000 | 135000 |
| 43/16 | VEO | 285000 | 225000 |
| 37/16 | Asst.Secretery | 575000 | 350000 |
| 38/16 | Asst.Secretery | 575000 | 100000 |
| 48/16 | Secretery | 25000 | 0 |
| 49/16 | Secretery | 25000 | 25000 |

-GO(MS)362/2013 /Lsgd/Dtd 16.11.2013 പരിഷ്കരിച്ച പദ്ധതി മാർഗരേഖ പ്രകാരം വീട് നിർമിച്ച് എട്ട് വർഷം കഴിഞ്ഞവർക്ക് മാത്രമെ ധനസഹായത്തിന് അർഹതയുള്ളു എന്ന് വ്യക്തമാക്കുന്നുണ്ട്.എന്നാൽ വീടിന്റെ പഴക്കം സംബന്ധിച്ച് ഗുണഭോക്താക്കളുടെ അപേക്ഷയിലും ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റിലും പരസ്പരം പൊരുത്തപ്പെടാത്ത വസ്തുതകളാണ് കാണുന്നത്.

-തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്ന് പൊതു ജനങ്ങൾക്ക് നൽകുന്ന സർട്ടിഫിക്കറ്റുകളിൽ ഒപ്പ് വെക്കുന്ന ജീവനക്കാരന്റെ പേര്, തസ്തിക,ഫോൺ നമ്പർ എന്നിവ വ്യക്തമായി ഉൾപ്പെടുത്തണം എന്ന് 75419/RA1/13 Lsgd/30.12.2013 സർക്കുലറിൽ നിർദേശിച്ചിട്ടുണ്ട്. എന്നാൽ സെക്രട്ടറി ഒഴികെയുള്ളവർ ഒപ്പ് വെക്കുന്ന താമസ സർട്ടിഫിക്കറ്റിൽ ഇപ്രകാരമുള്ള വിവരങ്ങൾ ഉൾപ്പെടുന്നില്ല.

-സെക്രട്ടറി ഓഫീസിൽ ഹാജരുള്ള ദിവസവും മറ്റ് ജീവനക്കാർ താമസ സർട്ടിഫിക്കറ്റ് ഒപ്പ് വെച്ചതായും കാണുന്നു.ഏതാനും ഉദാഹരണം താഴെ കൊടുക്കുന്നു.

| ഗുണഭോക്താവ് | കെട്ടിട നമ്പർ | താമസ സർട്ടിഫിക്കറ്റ് നലകിയ തിയതി |
|---|---|---|
| ഹാജരുമ്മ.വി | 14/26 | 03.12.2015 |
| ഖൈറുന്നീസ.എ | 15/151 | 03.12.2015 |
| ആയിശ്ശ.കെ | 19/489 | 11.12.2015 |
| രാധ.കെ | 02/245 | 06.10.2015 |

മേൽ അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

## 3-10 ഐ.എ.വൈ വിഹിതം അധികം അടവാക്കി.

2015-16 വർഷം പാണ്ടിക്കാട് ഗ്രാമ പഞ്ചായത്തിന് IAY പദ്ധതിയിൽ 147 വീടുകളാണ് അനുവദിക്കപ്പെട്ടത്.ഇതിൽ 46 എസ്.സി വീടുകളും അവശേഷിച്ചവ ജനറൽ വീടുകളുമാണ്.പഞ്ചായത്ത് വിഹിതം അടവാക്കുന്നതിനായി താഴെ പറയുന്ന പ്രകാരം തുക ചെലവഴിക്കുന്നുണ്ട്.

| പ്രോജക്ട് | തുക | വൗച്ചർ |
|---|---|---|
| 05/16 | 3000000 | 258/3107.2015 |
| | 1000000 | 438/28.09.2015 |
| | 1000000 | 803/27.01.2016 |
| 08/16 | 1000000 | 076/29.09.2015 |
| 271/16 | 900000 | 1093/31.03.2016 |

-ഇപ്രകാരം ബ്ളോക്കിൽ അടവാക്കിയ തുക എന്നാണ് ബ്ളോക്ക് IAY അകൗണ്ടിൽ വരവ് ചേർത്തിട്ടുള്ളത് എന്ന് അറിയിക്കേണ്ടതാണ്.

-ഇപ്രകാരം നൽകിയ തുകയിൽ എത്ര രൂപ വിനിയോഗിച്ചു എന്നും , എത്ര ഗുണഭോക്താക്കൾക്കാണ് പ്രോജക്ടിന്റെ ആനുകൂല്യം അനുവദിച്ചത് എന്നും, ഇനിയും വിനിയോഗിക്കാത്ത തുക എത്രയെന്നും വ്യക്തമാക്കേണ്ടതാണ്.

-147 പേർക്കാണ് ഈ പഞ്ചായത്തിൽ നിന്ന് വീട് അനുവദിക്കപ്പെട്ടിട്ടുള്ളത്.തൽവർഷം പഞ്ചായത്തിൽ നിന്ന് എത്ര ഗുണഭോക്താക്കൾ കരാർ വെച്ച് ധനസഹായം കൈപറ്റി എന്നും നിർമാണ പ്രവർത്തി പൂർത്തിയാക്കിയ ഗുണഭോക്താക്കൾ എത്ര എന്നും വ്യക്തമാക്കേണ്ടതാണ് എന്ന് നിർദേശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വി.ഇ.ഒ നൽകിയ വിശദീകരണം ഇപ്രകാരമാണ്.

-ടാർജറ്റ് റിവൈസ് ചെയ്ത് ആകെ എണ്ണം 136 ആക്കി കുറച്ചു.ഇതിൽ 44 എസ്.സി വീടുകളും, 20 ജനറൽ വീടുകളും, 72 ന്യൂനപക്ഷ വീടുകളും ആണ് ഉൾപ്പെടുന്നത്.

-ഇപ്രകാരം ടാർജറ്റ് പുനർനിർണയിച്ചതിൽ 131 പേർ കരാർ വെക്കുകയും 93 പേർ വീട് നിർമാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.അവശേഷിച്ചവർ നിർമാണ പ്രവർത്തി പൂർത്തിയാക്കി വരുന്നു.

വണ്ടൂർ ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ A5/4171/14 തി.3.7.15 കത്തിലെ വ്യവസ്ഥകൾ പ്രകാരം ഗ്രാമ പഞ്ചായത്ത് അടവാക്കേണ്ട തുക ഇപ്രകാരമാണ്.

| വീടുകളുടെ എണ്ണം | അടവാക്കേണ്ട തുക | തുക |
|---|---|---|
| 68 | 20000-പഞ്ചായത്ത് വിഹിതം | 1360000 |
| 68 | 52500ബ്ളേക്ക് വിഹിതം ഉൾപ്പെടെ | 3536000 |
| | ആകെ | 4896000 |

എന്നാൽ ഗ്രാമ പഞ്ചായത്ത് ഓഡിറ്റ് വർഷം 69 ലക്ഷം രൂപ അടവാക്കിയിട്ടുണ്ട്.2004000 രൂപ അധികം അടവാക്കിയത് ക്രമീകരിക്കേണ്ടതാണ്.

## 3-11 ജില്ലാ പഞ്ചായത്തിൽ നിന്ന് കിട്ടിയ വാഹനം പ്രയോജനപ്പെടുത്തിയില്ല.

ഭിന്ന ശേഷിയുള്ളവരുടെ പുനരധിവാസം ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന ഗ്രാമ പഞ്ചായത്തുകൾക്ക് ജില്ലാ പഞ്ചായത്തിൽ നിന്ന് വാഹനം നൽകിയിട്ടുണ്ട്.പാണ്ടിക്കാട് ഗ്രാമ പഞ്ചായത്തിന്റെ പ്രതിക്ഷാ ഡേ കെയർ സെന്ററിനും ഇപ്രകാരം വാഹനം ലഭിച്ചിട്ടുണ്ട്.ജില്ലാ പഞ്ചായത്തുമായി 25/07/2015 ന് കരാർ വെച്ചതിന്റെ അടിസ്ഥാനത്തിൽ മാരുതി ഓംനി വാൻ ലഭ്യമായിട്ടുണ്ട്.കരാർ വെക്കുന്നതിന് മുമ്പ് തന്നെ 27.05.2015 ന് വാഹനം പാണ്ടിക്കാട് പഞ്ചായത്തിന് ലഭിച്ചതായും രേഖകൾ വ്യക്തമാക്കുന്നു.വൗച്ചർ 381/04.09.2016 പ്രകാരം 15772 രൂപ ചെലവഴിച്ച് റോഡ് ടാക്സ് അടവാക്കുകയും KL10AU-1074 രജിസ്റ്റർ നമ്പറിൽ 25.09.2015 ന് വാഹനം പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

വാഹനം ലഭ്യമാവുകയും രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടും , വാഹനം പ്രസ്തുത ആവശ്യത്തിന് വിനിയോഗിച്ചിട്ടില്ല എന്ന് കാണുന്നു.വിഷയം ഭരണ സമിതിയിൽ യഥാസമയം അവതരിപ്പിച്ച് , ഡ്രൈവറെ നിയമിക്കുകയും ഡേ കെയർ സെന്ററിന്റെ ആവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്തുകയും ചെയ്യുന്നതിൽ വീഴ്ച്ച വന്നതായി കാണുന്നു.പഞ്ചായത്ത് സെക്രട്ടറിക്ക് വാഹനം ലഭ്യമായി പതിനൊന്ന് മാസങ്ങൾക്ക് ശേഷം 18.04.2016 മുതലാണ് പ്രതീക്ഷാ സ്കൂളിന്റെ ആവശ്യങ്ങൾക്ക് വാഹനം ഉപയോഗപ്പെടുത്തിയത് എന്ന് കാണുന്നു.ഈ കാലയളവിൽ 06/15 മുതൽ 02/16 വരെയുള്ള ഒൻപത് മാസത്തേക്ക് സ്കൂളിലേക്ക് കുട്ടികളെ എത്തിക്കുന്നതിനും തിരിച്ച് വീട്ടിൽ കൊണ്ട് വിടുന്നതിനും 18/16 പ്രോജക്ടിന്റെ ഭാഗമായി ICDS സൂപ്പർ വൈസർ 194160 രൂപ ചെലവഴിച്ചിട്ടുണ്ട്.

ഡ്രൈവറുടെ വേതനം , ഡീസൽ ചാർജ് എന്നിവ ഉൾപ്പെടെ പ്രതിമാസം പതിനാറായിരം രൂപയിൽ ചെലവ് പരിമിത പ്പെടുത്താമായിരുന്നിട്ടും , യഥാസമയം സെക്രട്ടറിയും ഭരണസമിതിയും നടപടി സ്വീകരിക്കാതിരുന്നത്കൊണ്ട് അധിക ചെലവ് വരാൻ ഇടയാക്കിയതായി ഓഡിറ്റ് വിലയിരുത്തുന്നു.

വാഹനം ലഭ്യമായി പതിനൊന്ന് മാസം വാഹനം പ്രയോജനപ്പെടുത്താതിരുന്ന നടപടി ഉചിതമായില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-12 പ്രോജക്ട് പ്രകാരം വാങ്ങിയ കമ്പ്യൂട്ടർ ആറ് മാസം പ്രയോജനപെടുത്തിയില്ല.

ഹോമിയോ ഡിസ്പെൻസറിക്ക് കമ്പ്യൂട്ടർ,പ്രിന്റർ,യു.പി.എസ്സ് എന്നിവ വാങ്ങുന്നതിനാണ് 11/16 പ്രോജക്ട്.മെയിന്റനൻസ് നോൺ റോഡ് ഫണ്ട് 50000 രൂപയും 10000 രൂപ തനത് ഫണ്ടും വകയിരുത്തിയ പ്രോജക്ട് നിർവഹണം നടത്തിയത് ഹോമിയോ മെഡിക്കൽ ഓഫീസറാണ്.ഭരണ സമിതി തീരുമാന പ്രകാരം, റേറ്റ് കോൺട്രാക്ട് ഉള്ള സ്ഥാപനത്തിൽ നിന്നാണ് കമ്പ്യൂട്ടർ വാങ്ങിയനത്. ഇപ്രകാരം ലഭ്യമായ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും 31.03 2016 ൽ സ്റ്റോക്കിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ഇപ്രകാരം വാങ്ങിയ കമ്പ്യൂട്ടറും പ്രിന്ററും നാളിത് വരെ മെഡിക്കൽ ഓഫീസർ പ്രയോജനപെടുത്തിയിട്ടില്ല

എന്ന് കാണുന്നു.ഇവയുടെ ഇൻസ്റ്റലേഷൻ പൂർത്തിയാക്കിയ വിവരവും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.ഇൻവോയ്സ് തിയ്യതി മുതൽ ഒരു വർഷത്തേക്കാണ് കമ്പ്യൂട്ടറിന് എയ്സർ വാറന്റി നൽകുന്നത്.ആയതിനാൽ , ആറ് മാസം വാറന്റികാലയളവ് നഷ്ടപ്പെട്ടു എന്ന് വ്യക്തം.അധിക വാറന്റി സംബന്ധിച്ച യാതൊരു വിവരവും ഫയലിലോ, ഇൻവോയ്സിലോ, കരാർ പത്രത്തിലോ വ്യക്തമാക്കിയിട്ടും ഇല്ല.

വാങ്ങിയ പ്രിന്റർ, യു.പി.എസ്സ്,കമ്പ്യൂട്ടർ എന്നിവ , വാങ്ങി ആറ് മാസം കഴിഞ്ഞിട്ടും പ്രയോജനപ്പെടുത്താൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, " ഡിപ്പാർട്ട്മെന്റിൽ നിന്ന് ലഭിച്ച മറ്റൊരെണ്ണം ഉള്ളതിനാളാണ് ഇൻസ്റ്റലേഷൻ നീണ്ട് പോയത് എന്നും ഓഡിറ്റ് നോട്ടിന്റെ അടിസ്ഥാനത്തിൽ 27.10.2016 ന് കമ്പ്യൂട്ടർ ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട് എന്ന് മറുപടി നൽകി. കമ്പ്യൂട്ടർന്റെ ആറ് മാസ വാറന്റി നഷ്ടപ്പെടുത്തിയത് ശ്രദ്ധയിൽ പെടുത്തുന്നു.ഇത് എപ്രകാരം വിനിയോഗിക്കുന്നു എന്ന് തുടർന്നുള്ള ഓഡിറ്റിൽ വിലയിരുത്തുന്നതാണ്.

## 3-13 മരുന്നുകൾ മുഴുവനായും ലഭ്യമാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ (അലോപതി).

ഗ്രാമ പഞ്ചായത്തിന് കീഴിലുള്ള പ്രാഥമിക ആരോഗ്യകേന്ദ്രത്തിന് അലോപതി മരുന്നുകൾക്കായി ചുവടെ ചേർത്തിരിക്കുന്ന പ്രകാരമുള്ള തുക കേരള മെഡിക്കൽ സർവ്വീസ് കോർപറേഷനിൽ അടവാക്കിയിട്ടുണ്ട് എന്നാൽ മുഴുവൻ തുകക്കുള്ള മരുന്നുകൾ ഓഡിറ്റ് തിയ്യതി വരെയും (11/11/2016) ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമാക്കി വിവരം ഈ ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ ഉൾപെടുത്തേണ്ടതാണ്.

| പ്രൊജക്ട് നമ്പർ | ബിൽ തുക | ആകെ തുക | സപ്ളെ ചെയ്യാനവശേഷിക്കുന്നത് |
|---|---|---|---|
| | 02/16-12-15<br>04/28.03.16 | 171660<br>225000 | 91376 രൂപയുടെ മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നു.<br>121442 രൂപയുടെ മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നു. |

ആകെ 212818/- രൂപയുടെ മരുന്നുകൾ ലഭിക്കാനായി അവശേഷിക്കുന്നു.

## 3-14 ആശ്രയ രണ്ടാം ഘട്ടം; അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സമൂഹത്തിലെ ഏറ്റവും പിന്നുണ ആവശ്യമായ ജന വിഭാഗത്തിന് അതിജീവനത്തിന് ആവശ്യമായ സൗകര്യങ്ങൾ നൽകുക എന്നതാണ് ആശ്രയ പദ്ധതി കൊണ്ട് ലക്ഷ്യമാക്കുന്നത്. ആശ്രയ പദ്ധതിയുടെ ഒന്നാം ഘട്ട പ്രോജക്ട് പ്രകാരം ഗുണഭോക്താക്കൾക്ക് നൽകാൻ ലക്ഷ്യമാക്കിയിരുന്നതും നൽകിയതുമായ ഭൗതിക സൗകര്യങ്ങളെ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| ഭൗതിക സൗകര്യങ്ങളുടെ വിവരം | ആവശ്യമുള്ളവരുടെ എണ്ണം | നൽകിയവരുടെ എണ്ണം |
|---|---|---|
| വീടുവെക്കാൻ സ്ഥലം | 07 | 05 |
| വീട് | 10 | 08 |
| വീട് റിപ്പയർ | 05 | -- |
| കക്കൂസ് | 08 | -- |
| കുടിവെള്ളം | 18 | -- |

ഒന്നാം ഘട്ട പ്രോജക്ട് പ്രകാരം ഗുണഭോക്താക്കൾക്ക് മേൽ ഭൗതിക സൗകര്യങ്ങൾ നൽകുന്നതിന് വേണ്ടി ആശ്രയയുടെ അക്കൗണ്ടിലേക്ക് മാറ്റിയിട്ടുള്ള പദ്ധതി വിഹിതം പലിശ ഉൾപ്പടെ 17,79,796/- രൂപ (31.03.2016)

അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്.

മതിയായ ഫണ്ട് ഉണ്ടായിട്ടും, പ്രൊജക്ട് പ്രകാരം ഗുണഭോക്താക്കൾക്ക് വിഭാവനം ചെയ്തിട്ടുള്ള ഭൗതിക സൗകര്യങ്ങൾ നൽകാത്തത് ഒന്നാം ഘട്ടത്തിന്റെ പോരായ്മയായി ഓഡിറ്റ് വിലയിരുത്തുന്നു.

പദ്ധതിയുടെ രണ്ടാം ഘട്ട പ്രൊജക്ട് രൂപീകരണത്തിന്റെ ഗുണഭോക്താക്കളെ അംഗീകരിക്കുന്നതുൾപ്പടെയുള്ള നടപടികൾപോലും പൂർത്തീകരിച്ചിട്ടില്ല. ഗുണഭോക്താക്കളെ അംഗീകരിക്കുന്നതുൾപ്പടെയുള്ള നടപടികൾ അടിയന്തിരമായി പൂർത്തീകരിച്ച് പ്രൊജക്ട് നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ പരാമർശം പഞ്ചായത്ത് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നതിന് താൽപര്യപ്പെടുത്തുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

ഇല്ല.

### 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | കാളംകാവ് കുടിവെള്ള പദ്ധതി വൈദ്യുതീകരണം | ലഭ്യമല്ല | 25882 | 25882 | ..........-- |
| KSEB | പാറക്കോട്ടുകുന്ന് കുടിവെള്ള പദ്ധതി വൈദ്യുതീകരണം | ലഭ്യമല്ല | 41500 | 41500 | -- |

### 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

ഇല്ല.

### 4-4. വായ്പ/ വായ്പ തിരിച്ചടവ്.

ഇല്ല.

### 4-5. സ്ഥിരനിക്ഷേപങ്ങൾ.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 505000 |
| തൻവർഷം നിക്ഷേപിച്ച തുക | 53390 |
| ആകെ | 558390 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |

| | |
|---|---|
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 558390 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| സെസൈറ്റി | 5000 |
| വെട്ടക്കാട്ടിരി സർവ്വീസ് സഹകരണ ബാങ്ക് | 553390 |
| ആകെ | 558390 |

## 4-6. ഓഡിറ്റ് റിക്കവറി.

ഇല്ല.

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-8. ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 68789965 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 95179288 |
| വരവിനങ്ങളിലുള്ള നഷ്ടം | --- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 88893 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2674987 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | -- | 28788 | കെ.സേതു മാധവൻ, അസി. എൻജിനീയർ |
| 3-2 | -- | 60105 | കെ.സേതു മാധവൻ, അസി. എൻജിനീയർ |
| ആകെ | -- | 88893 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 2674987 | കെ.സേതു മാധവൻ, അസി. എൻജിനീയർ |
| ആകെ | 2674987 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കെ.സേതു മാധവൻ, അസി. എൻജിനീയർ | അസി. എൻജിനീയർ, വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത്. | കുന്നനേഴി വീട്, കീഴാറ്റൂർ പി.ഒ, മലപ്പുറം ജില്ല. |

## 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 | LFM.6/821/03 dtd 01.11.10 | 45 | |
| 1998-99 | LFM.6/1107/01 dtd 01.11.10 | 30 | |
| 1999-00 | LFM.6/1892/07 dtd 01.11.10 | 23 | |
| 2000-01 | LFM.6/1230/09 dtd 01.11.10 | 04 | |
| 2001-02 | LFM.6/1231/09 dtd 01.11.10 | 06 | |
| 2000-01 & 2001-02 (പദ്ധതി വിഹിതം) | LFM.6/1812/04 dtd 01.11.10 | 52 | |
| 2002-03 | LFM.6/1232/09 dtd 01.11.10 | 30 | |
| 2003-04 | LFM.6/1413/09 dtd 01.11.10 | 36 | |
| 2004-05 | LFM.6/414/09 dtd 01.11.10 | 06 | |
| 2005-06 | LFM.7/407/11 dtd 04.06.11 | 09 | |
| 2006-07 | LFM.7/694/11 dtd 03.08.14 | 07 | |
| 2007-08 | LFM.7/779/09 dtd 15.12.09 | 11 | |
| 2008-09 | LFM.7/1165/11 dtd 12.07.11 | 10 | |
| 2009-10 | LFM.7/1166/11 dtd 11.07.11 | 10 | |
| 2010-11 | LFM.7/764/12 dtd 08.11.12 | 06 | |
| 2011-12 & 2012-13 | LFM.7/1980/14 dtd 03.12.14 | 15 | |
| 2013-14 | LFM.7/1405/16/ dtd 14.06.16 | 15 | |

| | | | |
|---|---|---|---|
| &2014-15 | | | |

ഡെപ്യൂട്ടി ഡയറക്ടർ,

സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## 5-1

## അനുബന്ധം. I

ഓഡിറ്റ് സാക്ഷ്യപത്രം - 2015-16

കെ എസ് എ/എം പി എം/7/3207/2016

കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

തീയതി 08.02.2016

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4- ാംവകുപ്പ്,1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാംവകുപ്പ് അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടികാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പാണ്ടിക്കാട് ഗ്രാമ പഞ്ചായത്തിന്റെ 2015-16 വാർഷികധനകാര്യ പത്രിക വരവ് -ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പ് 2003 ജൂൺ 12ലെ ജി.ഒ.(പി). 319/2003/ഫിൻ നമ്പർ സർക്കാർ ഉത്തരവും അനുസരിച്ചാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

AUDIT CERTIFICATE - 2015-16

No. KSA/MPM/7/3207/2016

Kerala State Audit Department,
District Office, Malappuram.
Date 08.02.2017

Certified that I have Audited the Annual Financial Statement of Pandikkad Grama Panchayat in Malappuram District for the year 2015-16 in accordance with section 4 of the Kerala Local Fund Audit Act 1994 section 215 of the KeralaPanchayat Raj Act 1994, the rules there under and the guidlines issued by the Comptroller and Auditor General of India for the purpose of audit accounts of Panchayat Raj institutions.

In my Opinion, the financial Statements of Pandikkad Grama Panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director,

Kerala State Audit Department
District Office, Malappuram